**TKM COLLEGE OF ARTS AND SCIENCE**

# TKM CAS NEWS ARCHIVES
# 2022

Volume 5, Part 2

December 2022



TKM College of Arts and Science

# News Archives

## Volume 5, Part 2

*Compiled and Designed by*
Dr. Mohamed Musthafa. K

*Published by*
TKM College of Arts and Science Library

December 2022

# Inside this issue


| | Content | Page |
|---|---|---|
| 1 | Green Campus declaration | 5 |
| 2 | 90th Birth Anniversary of the Hon. Founder | 6-15 |
| 3 | Advertisement for Guest Faculty | 17 |
| 4 | Alumni Scholarship distribution | 18 |
| 5 | Advertisement for Administrative Staff | 19 |
| 6 | NAAC Accreditation | 21-23 |
| 7 | Academic Excellence Award | 26 |
| 8 | Faculty achievement | 27 |
| 9 | Ascenta : The celebration of excellence | 28-30 |
| 10 | Felicitation to the Honorable Chairman | 31 |
| 11 | Anti-drug campaign | 31 |
| 12 | Human rights day observation | 32 |
| 13 | Cage Fish Culture : Harvest and Sale | 33-35 |
| 14 | NSS Cake challenge | 36 |

# TKM CAS declared Green Campus by Govt. of Kerala

## ടി.കെ.എം.കോളേജ് ഇനി ഹരിത കാമ്പസ്

**കരിക്കോട്** ▸ നവകേരളം കർമപദ്ധതിയുടെ ഭാഗമായി ഹരിതകേരളം മിഷനും കൊറ്റങ്കര കൃഷി ഓഫീസും ടി.കെ.എം.ആർട്സ് കോളേജും സംയുക്തമായി നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ടി.കെ.എം.കോളേജ് ജില്ലയിലെ ആദ്യത്തെ ഹരിത കാമ്പസായി. നവകേരളം കർമപദ്ധതി സംസ്ഥാന കോ-ഓർഡിനേറ്റർ ടി.എൻ.സീമയാണ് പ്രഖ്യാപനം നടത്തിയത്.

നെൽക്കൃഷി, പച്ചക്കറികളുടെയും കിഴങ്ങുവർഗങ്ങളുടെയും ഉത്പാദനം, ജൈവവൈവിധ്യ ഉദ്യാനമൊരുക്കൽ, ഫലവൃക്ഷങ്ങൾ നട്ടുപിടിപ്പിച്ചുള്ള പച്ചത്തുരുത്ത്, വെർമികമ്പോസ്റ്റ് പദ്ധതി, തുമ്പൂർമൂഴി പദ്ധതി, ബയോഗ്യാസ് പ്ലാന്റ് നിർമാണം എന്നിവയാണ് കലാലയത്തെ ഹരിത കാമ്പസ് ആക്കിയത്. ഹരിത ആർത്തവം പദ്ധതി നടപ്പാക്കുകയും സാനിറ്ററി നാപ്കിനുപകരം മെൻസ്ട്രുവൽ കപ്പുകൾ ഉത്പാദിപ്പിക്കുകയും പ്ലാസ്റ്റിക് മാലിന്യങ്ങളുടെ ഉപയോഗം നിരോധിക്കുകയും വാട്ടർ റീചാർജ് യൂണിറ്റ് പദ്ധതി നടപ്പാക്കുകയും ചെയ്തിട്ടുണ്ട്.

കോളേജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ് അധ്യക്ഷയായ ചടങ്ങിൽ ടി.കെ.എം.ട്രസ്റ്റ് അംഗം ജലാലുദ്ദീൻ മുസലിയാർ, ഹരിതകേരളം മിഷൻ ജില്ലാ കോ-ഓർഡിനേറ്റർ ഐസക്, കാവ്യ, ശുചിത്വമിഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് സൗമ്യ ഗോപാലകൃഷ്ണൻ, മുഖത്തല ബ്ലോക്ക് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ആർ.ദേവദാസ്, വാർഡ് അംഗം ഷീജ സജീവ്, ബി.ലത, സൗമ്യ എന്നിവർ പ്രസംഗിച്ചു.

*Mathrubumi 26.7.22. P2*

# 90th Birth Anniversary of the Hon. Founder

## ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർക്ക് നവതി ആദരവ്



*ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ*

**കൊല്ലം:** നവതിയുടെ നിറവിലെത്തിയ ടി.കെ.എം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധ്യക്ഷൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരെ കൊല്ലം പൗരാവലിയും ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷനും ആദരിക്കുന്നു. ഈ മാസം 13ന് വൈകുന്നേരം മൂന്നിന് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ടി.കെ.എം കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷതവഹിക്കും. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ ഉപഹാര സമർപ്പണം നടത്തും. മന്ത്രി കെ.എൻ. ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എം.പിമാരായ എൻ.കെ. പ്രേമചന്ദ്രൻ, രാജ്മോഹൻ ഉണ്ണിത്താൻ തുടങ്ങിയവർ പ്രസംഗിക്കും. നവതിയോടനുബന്ധിച്ച് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷൻ അർഹരായ രണ്ട് ബിരുദ വിദ്യാർഥികളുടെ പഠനചെലവ് പൂർണമായി ഏറ്റെടുക്കും.

കശുവണ്ടി വ്യവസായിയും ടി.കെ.എം ട്രസ്റ്റ് സ്ഥാപകനുമായ എ. തങ്ങൾ കുഞ്ഞ് മുസ്‌ലിയാരുടെ പുത്രനായി 1932 ഏപ്രിൽ 22നാണ് ജനനം. കോയിക്കൽ ഗവ:സ്കൂൾ, ക്രേവൻ എൽ.എം.എസ്, ആലുവ യു.സി കോളജ് എന്നിവിടങ്ങളിലെ പഠനശേഷം,അമേരിക്കയിലെ ടെക്സാസ് യൂനിവേഴ്സിറ്റിയിൽനിന്ന് കെമിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടി. തുടർന്ന് മുസ്‌ലിയാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറാവുകയും പിതാവിനൊപ്പം വ്യവസായരംഗത്ത് സജീവമാകുകയും ചെയ്തു. 1961ലാണ് ടി.കെ.എം കോളജ് ട്രസ്റ്റിന്റെ നേതൃത്വ പദവിയിലെത്തുന്നത്. വിവിധ സർവകലാശാലകളിലെ സിൻഡിക്കേറ്റ്, സെനറ്റ് അംഗം, അക്കാദമിക് കൗൺസിൽ, ഗവേണിങ് ബോഡി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. സംഘാടകസമിതി ചെയർമാൻ യഹിയ. എസ്, പ്രസിഡന്റ് ഡോ. ചിത്ര ഗോപിനാഥ്, സി. ബാബു, എച്ച്. ഹുസൈൻ, സുരലാൽ എന്നിവർ വാർത്താസമ്മേളനത്തിൽ പരിപാടികൾ വിശദീകരിച്ചു.

*Madhyamam 11.08.2022 P3*

# ടികെഎമ്മിന്റെ അമരക്കാരന് നവതിയുടെ നിറവ്

**സ്വന്തം ലേഖകൻ**

**കൊല്ലം**

അറിവിന്റെ വിഹായസ്സ് തുറന്നിട്ട ടികെഎമ്മിന്റെ അമരക്കാരൻ ടി കെ ഷഹാൽഹസ്സൻ മുസലിയാർ നവതിയുടെ നിറവിൽ. ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളെ കാലത്തിനൊപ്പം നയിക്കുന്ന കരുത്തിന് ആറു പതിറ്റാണ്ടെടുത്ത അനുഭവസമ്പത്തും. ബാപ്പ തങ്ങൾകുഞ്ഞ് മുസലിയാരുടെ പാത പിന്തുടർന്ന് നാടിന്റെ സമഗ്രപുരോഗതിക്ക് അമൂല്യസംഭാവന നൽകുന്ന ടി കെ ഷഹാൽഹസ്സൻ മുസലിയാരെ ആദരിക്കാൻ 13ന് കൊല്ലം പൗരാവലി ഒത്തുചേരും. മുഖ്യമന്ത്രി പിണറായി വിജയൻ ആദരവ് സമർപ്പിക്കും.



**ടി കെ ഷഹാൽഹസ്സൻ മുസലിയാർ**

അമേരിക്കയിലെ ടെക്സാസ് യൂണിവേഴ്സിറ്റിയിൽനിന്ന് ഉയർന്ന മാർക്കോടെ കെമിക്കൽ എൻജിനിയറിങ് ബിരുദം നേടിയ ഷഹാൽഹസ്സൻ മുസലിയാർ ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളെ ലോകനിലവാരത്തിലേക്ക് ഉയർത്തുക വഴി നാടിന്റെ സമഗ്ര പുരോഗതിക്കും വഴികാട്ടുന്നു. ടികെഎം ട്രസ്റ്റിലൂടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കു തുടക്കം കുറിച്ച ബാപ്പ തങ്ങൾകുഞ്ഞ് മുസലിയാരുടെ മരണശേഷം1968ൽ ട്രസ്റ്റ് ചെയർമാനായി. വ്യവസായ സാമൂഹിക മേഖലകളിലെ സൗമ്യനേതൃത്വവും സാംസ്കാരിക ജീവകാരുണ്യ മേഖലകളിലെ നിശബ്ദ സാന്നിധ്യവുമാണ്. രണ്ട് കോളേജിലുമായി തുടങ്ങിയ ടികെഎം ട്രസ്റ്റിന് കീഴിൽ നിലവിൽ ഒമ്പത് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്. അമേരിക്കൻ വംശജയായ പരേതയായ നജ്മയാണ് ഷഹാൽഹസൻ മുസലിയാരുടെ ഭാര്യ. മക്കൾ: ഖദീജ (അമേരിക്ക), താരിഖ് മുസലിയാർ (അമേരിക്ക), ഖാലിദ് മുസലിയാർ.

■ ടികെഎമ്മിന്റെ അമരക്കാരൻ ടി കെ ഷഹാൽഹസ്സൻ മുസലിയാരെ 13ന് മുഖ്യമന്ത്രി പിണറായി വിജയൻ ആദരിക്കും

പതിമൂന്നിന് പകൽ മൂന്നിന് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന നവതി ആദരവിൽ നിരവധിപേർ പങ്കെടുക്കും. ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നിയാണ് സംഘാടകർ. നവതി ആദരവിന്റെ ഭാഗമായി ടികെഎം ആർട്സ് കോളേജിലെ രണ്ട് വിദ്യാർഥികളുടെ എല്ലാ പഠനച്ചെലവും അലുമ്നി ഏറ്റെടുക്കും.

*Deshabhimani 08.08.2022, P3*

# ആദരം 13ന് മുഖ്യമന്ത്രി ഉദ്ഘാടനംചെയ്യും

■ നവതിയുടെ നിറവിൽ ഷഹാൽ ഹസ്സൻ മുസലിയാർ

**കൊല്ലം**

നവതിയിലെത്തിയ ടികെഎം ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസ്സൻ മുസലിയാരെ കൊല്ലം പൗരാവലിയും ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷനും ചേർന്ന് ആദരിക്കുന്നു. 13നു പകൽ മൂന്നിന് ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. ധനമന്ത്രി കെ എൻ ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എംപിമാർ, എംഎൽഎമാർ പങ്കെടുക്കും.

ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കൊപ്പം വിവിധ സർവകലാശാലകളിലെ സിൻഡിക്കറ്റ്, സെനറ്റ് അംഗം, അക്കാദമിക് കൗൺസിൽ, ഗവേണിങ് ബോഡി അംഗം എന്നീ നിലകളിലും ഡോ. ഷഹാൽ ഹസ്സൻ മുസലിയാർ സംഭാവന നൽകി. നവതിയോടനുബന്ധിച്ച് അലുമ്നി അസോസിയേഷൻ രണ്ട് ബിരുദവിദ്യാർഥികളുടെ പഠനച്ചെലവ് ഏറ്റെടുക്കും. വാർത്താസമ്മേളനത്തിൽ സംഘാടകസമിതി ചെയർമാൻ എസ് യഹിയ, ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജ് പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ്, പ്രോഗ്രാം കൺവീനർ സി ബാബു, വൈസ് ചെയർമാൻ എച്ച് ഹുസൈൻ, സുരലാൽ എന്നിവർ പങ്കെടുത്തു.

*Deshabhimani 11.08.2022, P5*

# ഷഹാൽ ഹസൻ മുസ്ലിയാരുടെ നവതിയാഘോഷം 13ന്

*Kerala Koumudi*

*11.08.2022 P3*

കൊല്ലം: ടി.കെ.എം ട്രസ്റ്റുകളുടെ ചെയർമാൻ ഷഹാൽ ഹസൻ മുസ്ലിയാരുടെ നവതി ആഘോഷം ശനിയാഴ്ച വൈകിട്ട് 3ന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് സംഘാടക സമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

കൊല്ലം പൗരാവലിയും ടി.കെ.എം കോളേജ് അലുമ്നി അസോസിയേഷനും ചേർന്നാണ് ആഘോഷം സംഘടിപ്പിക്കുന്നത്. ടി.കെ.എം ആർട്സ് കോളേജിൽ നടക്കുന്ന സമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പൽ ചിത്രഗോപിനാഥ് അദ്ധ്യക്ഷയാകും. മന്ത്രി കെ.എൻ. ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എം.പിമാരായ എൻ.കെ. പ്രേമചന്ദ്രൻ, രാജ്മോഹൻ ഉണ്ണിത്താൻ, എം.എൽ.എമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ് എന്നിവർ പങ്കെടുക്കും. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്ലിയാർ ഉപഹാരസമർപ്പണം നടത്തും.

വിദ്യാഭ്യാസ, വ്യവസായ, സാമൂഹ്യ, സാംസ്കാരിക രംഗങ്ങളിൽ അമൂല്യ സംഭാവനകൾ നൽകിയ തങ്ങൾ കുഞ്ഞ് മുസ്ലിയാരുടെ അതേ പാതയിലൂടെയാണ് മകനായ ഷഹാൽ ഹസൻ മുസ്ലിയാരും സഞ്ചരിക്കുന്നത്. തങ്ങൾ കുഞ്ഞ് മുസ്ലിയാർ തുടക്കമിട്ട വിദ്യാഭ്യാസ സംരംഭങ്ങൾ കൂടുതൽ വിപുലീകരിച്ചു. സാമൂഹ്യരംഗത്തിന് പുറമേ ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും മാതൃകയായി. കൊവിഡ് കാലത്ത് അനേകം പേർക്ക് സഹായം നൽകി. അദ്ദേഹത്തിന്റെ നേതൃത്വത്തിൽ ടി.കെ.എം ട്രസ്റ്റ് നിരവധി വിദ്യാർത്ഥികളുടെ പഠനച്ചെലവ് ഏറ്റെടുത്ത് നടത്തുന്നുണ്ട്.

നവതി ആഘോഷത്തിന്റെ ഭാഗമായി ടി.കെ.എം ആർട്സ് കോളേജിലെ രണ്ട് വിദ്യാർത്ഥികളുടെ മുഴുവൻ പഠനച്ചെലവും അലുമ്നി അസോസിയേഷൻ ഏറ്റെടുക്കും. പത്രസമ്മേളനത്തിൽ സംഘാടക സമിതി ചെയർമാൻ എസ്. യഹിയ, പ്രിൻസിപ്പൽ ചിത്ര് ഗോപിനാഥ്, എച്ച്. ഹുസൈൻ, സി. ബാബു എന്നിവർ പങ്കെടുത്തു.



## പരിപാടികൾ ഇന്ന്

- കരിക്കോട് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ്: ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ നവതി ആഘോഷം -ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ -വൈകു.3.00

*Madhyamam 13.08.2022 P4*

# ഷഹാൽ ഹസ്സൻ മുസലിയാർക്ക് ആദരം ഇന്ന്

*Deshabhimani 13.08.2022, P5*

### മുഖ്യമന്ത്രി ഉദ്ഘാടനംചെയ്യും

**കൊല്ലം**

നവതിയിലെത്തിയ ടികെഎം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസ്സൻ മുസലിയാരെ കൊല്ലം പൗരാവലിയും ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷനും ചേർന്ന് ആദരിക്കും. ശനി പകൽ മൂന്നിന് കോളേജ് ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനംചെയ്യും. ധനമന്ത്രി കെ എൻ ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എംപിമാർ, എംഎൽഎമാർ തുടങ്ങിയവർ പങ്കെടുക്കും.

ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾക്കൊപ്പം വിവിധ സർവകലാശാലകളിലെ സിൻഡിക്കേറ്റ്, സെനറ്റ് അംഗം, അക്കാദമിക് കൗൺസിൽ, ഗവേണിങ് ബോഡി അംഗം എന്നീ നിലകളിലും ഷഹാൽ ഹസ്സൻ മുസലിയാർ സംഭാവന നൽകുന്നു. ടികെഎം ട്രസ്റ്റിന് തുടക്കം കുറിച്ച തങ്ങൾകുഞ്ഞ് മുസലിയാരുടെ മരണശേഷം1968ലാണ് മകൻ ഷഹാൽ ഹസ്സൻ മുസലിയാർ ട്രസ്റ്റ് ചെയർമാനായത്. വ്യവസായ സാമൂഹിക മേഖലകളിലെ സൗമ്യനേതൃത്വവും സാംസ്കാരിക ജീവകാരുണ്യ മേഖലകളിലെ നിശബ്ദ സാന്നിധ്യവുമാണ്. രണ്ട് കോളേജിലുമായി തുടങ്ങിയ ടികെഎം ട്രസ്റ്റിന് കീഴിൽ നിലവിൽ ഒമ്പത് വിദ്യാഭ്യാസ സ്ഥാപനങ്ങളുണ്ട്.




**കൊല്ലം പൗരാവലിയും ടി.കെ.എം അലുമ്നിയും ചേർന്ന് സംഘടിപ്പിച്ച നവതി ആഘോഷത്തിൽ ഷഹാൽ ഹസൻ മുസ്‌ലിയാർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരം നൽകുന്നു**

*Madhyamam 15.08.2022 P2*

# ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർക്ക് ആദരവ് ഇന്ന്

**കൊല്ലം:** നവതി ആഘോഷിക്കുന്ന ടി.കെ.എം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധ്യക്ഷൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരെ കൊല്ലം പൗരാവലിയും ടി.കെ.എം. കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷനും ശനിയാഴ്ച ആദരിക്കും.

വൈകീട്ട് മൂന്നിന് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിക്കും. ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ ഉപഹാര സമർപ്പണം നടത്തും. മന്ത്രി കെ.എൻ. ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എം.പിമാരായ എൻ.കെ. പ്രേമചന്ദ്രൻ, രാജ്മോഹൻ ഉണ്ണിത്താൻ, എം.എൽ.എമാരായ എം. നൗഷാദ്, പി.സി. വിഷ്ണുനാഥ്, ജില്ല പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയേൽ എന്നിവർ പങ്കെടുക്കും.



*ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ*

*Madhyamam 13.08.2022 P9*



# ഷഹാൽഹസൻ മുസലിയാർ നവതി ആഘോഷം മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

**കൊല്ലം ▸** ടി.കെ.എം. ട്രസ്റ്റുകളുടെ ചെയർമാൻ ഷഹാൽഹസൻ മുസലിയാരുടെ നവതി ആഘോഷം ശനിയാഴ്ച വൈകീട്ട് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യുമെന്ന് സംഘാടകസമിതി ഭാരവാഹികൾ പത്രസമ്മേളനത്തിൽ അറിയിച്ചു.

ഷഹാൽഹസൻ മുസലിയാരുടെ നവതി ആഘോഷം കൊല്ലം പൗരാവലിയും ടി.കെ.എം. കോളേജ് അലുമ്നി അസോസിയേഷനും ചേർന്നാണ് സംഘടിപ്പിക്കുന്നത്.

ടി.കെ.എം. ആർട്സ് കോളേജിൽ നടക്കുന്ന നവതി ആഘോഷ സമ്മേളനത്തിൽ കോളേജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിക്കും.

മന്ത്രി കെ.എൻ.ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എം.പി. മാരായ എൻ. കെ.പ്രേമചന്ദ്രൻ, രാജ്മോഹൻ ഉണ്ണിത്താൻ, എം.എൽ.എ. മാരായ പി.സി.വിഷ്ണുനാഥ്, എം.നൗഷാദ് എന്നിവർ പങ്കെടുക്കും.

ടി.കെ.എം. ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസലിയാർ ഉപഹാരസമർപ്പണം നടത്തും. പത്രസമ്മേളനത്തിൽ സംഘാടകസമിതി ചെയർമാൻ എസ്.യഹിയ, പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, എച്ച്.ഹുസൈൻ, സി.ബാബു എന്നിവർ പരിപാടികൾ വിശദീകരിച്ചു.

*Mathrubumi 11.08.2022. P3*

# വിജ്ഞാനസമ്പദ്ഘടന യാഥാർഥ്യമാക്കും-പിണറായി വിജയൻ

*Mathrubumi 14.08.2022. P3*

## ഷഹാൽ ഹസൻ മുസലിയാർക്ക് കൊല്ലം പൗരാവലിയുടെ ആദരം

**കൊല്ലം ▸** സംസ്ഥാനത്ത് വിജ്ഞാനസമ്പദ്ഘടന യാഥാർഥ്യമാക്കുമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ടി.കെ.എം.ട്രസ്റ്റുകളുടെ ചെയർമാൻ ഷഹാൽ ഹസൻ മുസലിയാരുടെ നവതിയാഘോഷം ഉദ്ഘാടനംചെയ്യുകയായിരുന്നു അദ്ദേഹം.

ഉത്പാദനമേഖലയുമായി വിജ്ഞാനത്തെ ബന്ധിപ്പിക്കും. ഇതുവഴി നാട് നേരിടുന്ന പ്രതിസന്ധികൾക്ക് പരിഹാരം കാണും. വ്യാവസായിക-വൈജ്ഞാനിക മേഖലകളിൽ സമാനമായ ഇടപെടലുകളാണ് ഷഹാൽ ഹസൻ മുസലിയാർ നടത്തിയത്. ഉന്നതവിദ്യാഭ്യാസമേഖലയിലും സാമൂഹികസേവനരംഗത്തും അദ്ദേഹത്തിന്റെ ഇടപെടലുകളുണ്ടായെന്ന് പിണറായി വിജയൻ ചൂണ്ടിക്കാട്ടി.




▶ ഷഹാൽ ഹസൻ മുസലിയാർക്ക് മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരം നൽകുന്നു

കോളേജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ് അധ്യക്ഷയായി. ധനമന്ത്രി കെ.എൻ.ബാലഗോപാൽ, എൻ.കെ.പ്രേമചന്ദ്രൻ എം.പി., എം.എൽ.എ.മാരായ എം.നൗഷാദ്, പി.സി. വിഷ്ണുനാഥ്, ജില്ലാപഞ്ചായത്ത് പ്രസിഡന്റ് സാം കെ.ഡാനിയേൽ, മേയർ പ്രസന്ന ഏണസ്റ്റ്, കൊറ്റങ്കര ഗ്രാമപ്പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, വാർഡ് അംഗം ഷീജ സജീവ്, അൻവർ മുഹമ്മദ്, ജലാലുദ്ദീൻ മുസലിയാർ എന്നിവർ പ്രസംഗിച്ചു. കൊല്ലം പൗരാവലിയും ടി.കെ.എം.കോളേജ് അലുമ്നി അസോസിയേഷനും ചേർന്നാണ് പരിപാടി സംഘടിപ്പിച്ചത്.

---

12 **പ്രാദേശികം** TVM **KL** madhyamam.com

# സാമൂഹിക ഐക്യവും മതനിരപേക്ഷതയും സംരക്ഷിക്കൽ വിജ്ഞാന വിതരണംപോലെ പ്രധാനം –മുഖ്യമന്ത്രി

**● ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരുടെ നവതി ആദരവ് ഉദ്ഘാടനം ചെയ്തു**

**കൊല്ലം:** വിജ്ഞാന വിതരണത്തെ ശക്തിപ്പെടുത്തുന്നതുപോലെ തന്നെ പ്രധാനമാണ് സാമൂഹിക ഐക്യവും മതനിരപേക്ഷതയും സംരക്ഷിക്കുന്നതെന്നും അതിനുതകുന്ന പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്നും മുഖ്യമന്ത്രി പിണറായി വിജയൻ. കൊല്ലം പൗരാവലിയും ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നിയും സംയുക്തമായി സംഘടിപ്പിച്ച ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരുടെ നവതി ആദരവ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ മേഖലയെയും വ്യവസായ മേഖലയെയും ബന്ധിപ്പിച്ച് ഉൽപാദനവും ഉൽപാദനക്ഷമതയും വർധിപ്പിക്കാൻ വിവിധ ഇടപെടലുകളാണ് സർക്കാർ നടത്തുന്നത്. കേരളത്തെ ഉന്നത വിദ്യാഭ്യാസത്തിന്റെ ഹബ്ബാക്കിതീർക്കാനാണ് ലക്ഷ്യമിടുന്നതെന്നും അദ്ദേഹം പറഞ്ഞു. രാജ്യത്തെ മതേതര മൂല്യങ്ങളെ അപകടത്തിലാക്കാൻ ചില പ്രതിലോമശക്തികൾ ശ്രമിക്കുന്ന ഈ കാലഘട്ടത്തിൽ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരെപോലെയുള്ളവരുടെ സാമൂഹിക ഇടപെടലുകൾക്ക് വളരെയധികം പ്രാധാന്യമുണ്ട്. സാങ്കേതിക വിദഗ്ധൻ, വിദ്യാഭ്യാസ വിചക്ഷണൻ, പത്രാധിപർ തുടങ്ങി വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ചയാളാണ് ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ. വിദ്യാഭ്യാസ രംഗത്തെ നാഴികക്കല്ലായി മാറിയ കലാലയങ്ങളാണ് ടി.കെ.എമ്മിന്റേത്. കേരളത്തിന്റെ പുരോഗതി മുതൽ മലയാളികളുടെ പ്രവാസ ജീവിതം പ്രസന്നമാക്കുന്നതിൽ ടി.കെ.എം വഹിച്ച പങ്ക് വളരെ വലുതാണെന്നും അദ്ദേഹം പറഞ്ഞു. കേരള സർവകലാശാലക്ക് നാകിന്റെ എ പ്ലസ് പ്ലസ് ഗ്രേഡ് കിട്ടിയതിനു പുറമേ, എൻ.



ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസൻ മുസ്‌ലിയാരുടെ നവതി ആഘോഷം ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ഷഹാൽ ഹസൻ മുസ്‌ലിയാരെ വേദിയിലേക്ക് കൈപിടിച്ചാനയിക്കുന്നു

ഐ.ആർ.എഫ് റാങ്കിങ്ങിൽ കേരളത്തിലെ മൂന്ന് സർവകലാശാലകൾ ആദ്യ നൂറിൽ ഇടം നേടി. ഓവറോൾ റാങ്കിൽ മൂന്ന് സർവകലാശാലകളും യൂനിവേഴ്സിറ്റികളുടെ റാങ്കിങ്ങിൽ നാലെണ്ണവും ആദ്യ നൂറിലുണ്ട്. ഇത്തരത്തിൽ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങൾ മികച്ച നേട്ടം കൈവരിച്ചിട്ടുണ്ടെങ്കിലും ആദ്യ 10ൽ ഒരെണ്ണം പോലുമില്ലെന്നും അദ്ദേഹം പറഞ്ഞു. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ മുഖ്യമന്ത്രിക്ക് ഉപഹാരം നൽകി. ടി.കെ.എം.സി.എ.എസ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷതവഹിച്ചു. മന്ത്രി കെ.എൻ. ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എൻ.കെ. പ്രേമചന്ദ്രൻ എം.പി, എം.എൽ.എമാരായ പി.സി. വിഷ്ണുനാഥ്, എം. നൗഷാദ്, ജില്ല പഞ്ചായത്ത് പ്രസിഡന്റ് സാം കെ. ഡാനിയൽ, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്. ഹുസൈൻ, പഞ്ചായത്തംഗം ഷീജ സജീവ്, സംഘാടകസമിതി ചെയർമാൻ എസ്. യഹിയ, അലുമ്നി അസോസിയേഷൻ ചെയർമാൻ അൻവർ മുഹമ്മദ്, സംഘാടകസമിതി സെക്രട്ടറി പി.എം. നജിമുദ്ദീൻ എന്നിവർ സംസാരിച്ചു.

*Madhyamam 14.08.2022*



# പിതാവിന്റെ മൂല്യങ്ങളിൽ ഉറച്ച്
# ഷഹാൽ ഹസൻ മുസലിയാരുടെ വിജയയാത്ര

നവതി ആഘോഷം 13-ന്
മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യും

Mathrubumi 12.08.2022. P11

# ടി.കെ. ഷഹാൽ ഹസ്സൻ മുസല്യാർ നവതി നിറവിൽ

**ജയചന്ദ്രൻ ഇലങ്കത്ത്**

കൊല്ലം ● ഒച്ചപ്പാടുകളുടെ ലോകത്ത്, ശബ്ദത്തെ ഇത്രമേൽ സൗമ്യമാക്കി ഒപ്പം കൂട്ടിയവരിൽ ആദ്യം തെളിയുന്ന മുഖങ്ങളിലൊന്നാണു ടി.കെ ഷഹാൽ ഹസ്സൻ മുസല്യാർ. സൗമ്യതയുടെ ആൾരൂപമായി, ആഭിജാത്യത്തിന്റെ അടയാളമായി ജില്ലയുടെ സാമൂഹിക- വിദ്യാഭ്യാസ- വ്യാവസായിക രംഗങ്ങളിൽ നിറഞ്ഞു നിൽക്കുന്ന മുസല്യാർക്കു നവതിയുടെ നിറവ്.

കശുവണ്ടി വ്യവസായത്തിൽ കുത്തക സ്ഥാപിച്ച, ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സ്ഥാപകൻ തങ്ങൾ കുഞ്ഞ് മുസല്യാരുടെ മൂത്തപുത്രൻ സമ്പന്നതയുടെ മടിത്തട്ടിലാണു ജനിച്ചുവീണതെങ്കിലും ജീവിതത്തിലുടനീളം ലാളിത്യം മുഖമുദ്രയാക്കി. അങ്ങനെ ജീവിക്കണമെന്നതു തങ്ങൾ കുഞ്ഞ് മുസല്യാരുടെയും നിർബന്ധമായിരുന്നു. ആലുവ യുസി കോളജിൽ നിന്ന് ഇന്റർമീഡിയറ്റ് പാസായ ഷഹാൽ ഹസ്സൻ മുസല്യാരെ അമേരിക്കയിലെ ടെക്സസ് യൂണിവേഴ്സിറ്റിയിൽ ഉപരിപഠനത്തിനു ചേർത്തപ്പോൾ വേണമെങ്കിൽ വിമാനത്തിൽ മകനെ യാത്രയാക്കാമായിരുന്നു. പക്ഷേ, ദിവസങ്ങളോളം നീളുന്ന ബുദ്ധിമുട്ടേറിയ യാത്ര വേണ്ടി വരുന്ന കപ്പലിൽ ടിക്കറ്റെടുത്തു പോകാനായിരുന്നു നിർദേശം. സ്കൂൾ പഠനത്തിന് അയച്ചതാകട്ടെ, സർക്കാർ സ്കൂളിലും.

വ്യവസായ രംഗത്തു വ്യക്തിമുദ്ര പതിപ്പിക്കുകയും ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ സ്ഥാനത്തെത്തുകയും ചെയ്തെങ്കിലും സാധാരണ ജീവിതം നയിക്കാനാണു ഷഹാൽ ഹസ്സൻ മുസല്യാർക്ക് ഇഷ്ടം. ആകെയുള്ള കമ്പം കാറുകളോടും യാത്രയോടും. ഒട്ടേറെ വിദേശ രാജ്യങ്ങളിൽ മുസല്യാർ യാത്ര ചെയ്തു കഴിഞ്ഞു. യാത്ര തുടങ്ങാൻ പാകത്തിൽ സാധനങ്ങളെല്ലാം സജ്ജീകരിച്ച ഒരു കാർ എപ്പോഴും മുസല്യാരുടെ വീട്ടുമുറ്റത്ത് ഉണ്ടാകും. കാറിൽ 'അൽപസ്വൽപം' സ്പീഡിൽ വിട്ടുപോകുന്നതാണു മുസല്യാരുടെ പ്രധാന ഇഷ്ടം. അടുത്ത കാലം വരെ കൊല്ലം നഗരം മുസല്യാരുടെ ഈ യാത്ര കണ്ടിട്ടുണ്ട്.

> പിതാവ് കൈമാറിയ വ്യവസായ സാമ്രാജ്യം പരിപോഷിപ്പിക്കുന്നതിൽ മികവു കാട്ടിയെന്നതാണ് ഷഹാൽ ഹസ്സൻ മുസല്യാരുടെ നേതൃപാടവം

അടുത്തിടെ, എഴുകോൺ കാരുവേലിലെ ടികെഎം ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജിയിലെ പരിപാടിയിൽ പങ്കെടുക്കാൻ പോയതാണു ടി.കെ ഷഹാൽ ഹസ്സൻ മുസല്യാർ. ചെങ്കുത്തായ കുന്നിനു മുകളിലാണു കോളജ്. പരിപാടി കഴിഞ്ഞു മടങ്ങാൻ നേരം കാർ മുന്നോട്ടെടുക്കാൻ പലതവണ ശ്രമിച്ചിട്ടും കുന്നു കയറ്റം ഡ്രൈവറെ 'വെള്ളം കുടിപ്പിച്ചു'. കാറിന്റെ മുൻസീറ്റിൽ നിന്നിറങ്ങി ഷഹാൽ ഹസ്സൻ മുസല്യാർ ഡ്രൈവർ സീറ്റിൽ കയറി. ഒറ്റയെടുപ്പിനു കാർ ഒന്നുമറിയാത്ത പോലെ കയറ്റം കയറി- ആ കുന്നിന്റെ വിളിപ്പേരാണു 'മുസല്യാർ ഹിൽസ്' !.

ഷഹാൽ ഹസ്സൻ മുസല്യാരെ ടെക്സസ് യൂണിവേഴ്സിറ്റിയിൽ കെമിക്കൽ എൻജിനീയറിങ് പഠനത്തിന് അയച്ചതിനു പിന്നിലും ഒരു കഥയുണ്ട്. ഒരിക്കൽ തങ്ങൾ കുഞ്ഞ് മുസല്യാർ ഡൽഹിയിലെ ഒരു സ്റ്റീൽ പ്ലാന്റ് സന്ദർശിച്ചു. പ്ലാന്റിന്റെ പ്രവർത്തനം ചുറ്റിനടന്നു കാണുമ്പോഴാണ്, മൂത്തമകനെ കെമിക്കൽ എൻജിനീയറിങ് പഠനത്തിന് അയയ്ക്കാൻ തങ്ങൾ കുഞ്ഞ് മുസല്യാർ തീരുമാനിച്ചത്. പഠനം കഴിഞ്ഞു നാട്ടിലെത്തിയ അദ്ദേഹം മുസല്യാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറായി.

പിതാവ് കൈമാറിയ വ്യവസായ സാമ്രാജ്യം പരിപോഷിപ്പിക്കുന്നതിൽ മികവു കാട്ടിയെന്നതിലാണു ഷഹാൽ ഹസ്സൻ മുസല്യാരുടെ നേതൃപാടവം. തങ്ങൾകുഞ്ഞ് മുസല്യാർ മരിക്കുമ്പോൾ ഇരുപത്തിയഞ്ചിലേറെ കശുവണ്ടി ഫാക്ടറികൾ പ്രവർത്തിക്കുന്നുണ്ടായിരുന്നു. പരിപ്പുകയറ്റുമതിക്കു തമിഴ്നാട്ടിൽ ഫാക്ടറി തുറന്ന ഷഹാൽ ഹസ്സൻ മുസല്യാർ പിന്നീട് കശുവണ്ടിപ്പരിപ്പ് കയറ്റുമതിക്കാരുടെ സ്ഥാപനമായ കാഷ്യൂ എക്സ്പോർട്സ് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചെയർമാനായി ദീർഘകാലം പ്രവർത്തിച്ചു- അർഹതപ്പെട്ട യാത്രാക്കൂലി ഇനത്തിൽ ഒരു രൂപ പോലും എഴുതിയെടുക്കാതെ.

മതനിരപേക്ഷത മുഖമുദ്രയാക്കി സാമൂഹിക ജീവിതത്തിൽ ഇടപെടുന്ന മുസല്യാർ എന്ന മിതഭാഷി പിതാവ് തന്നോടു പറഞ്ഞ ഒരു വാചകം ജീവിതത്തിൽ എപ്പോഴും മുറുകെപ്പിടിക്കുന്നു:' നിന്റെ ശരി അവസാനം വരെ നിന്റെ ശരിയായി സൂക്ഷിക്കണം...' ഭാര്യ: യുഎസ് പൗര പരേതയായ നജ്മ മുസല്യാർ. മക്കൾ: ഖദീജ മുസല്യാർ (യുഎസ്), ഖാലിദ് മുസല്യാർ (ടികെഎം ട്രസ്റ്റ് അംഗം), താരിഖ് മുസല്യാർ (യുഎസ്). മരുമകൻ: ഡോ. ഫ്രഡ് ബട്‌ലർ (യുഎസ്)

**നവതി ആഘോഷങ്ങളുടെ തിരക്കിനിടയിലും ഷഹാൽ ഹസ്സൻ മുസല്യാർ 'മനോരമ'യോട്:**

**? നവതിയുടെ തിളക്കത്തിൽ തിരിഞ്ഞു നോക്കുമ്പോൾ എന്തു തോന്നുന്നു**

● പിതാവിൽ നിന്നു പ്രചോദനം ഉൾക്കൊണ്ടാണു ഞാൻ വ്യവസായ- വിദ്യാഭ്യാസ മേഖലകളിൽ പ്രവർത്തനം തുടങ്ങിയത്. എന്റെ വ്യക്തിത്വം രൂപം കൊണ്ടതിൽ പിതാവിന്റെ ഉപദേശങ്ങളും നിർദേശങ്ങളും നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ആ പാതയിലൂടെയാണ് ഇന്നും ഞാൻ സഞ്ചരിക്കുന്നത്. അതുകൊണ്ടു തന്നെ തിരിഞ്ഞു നോക്കുമ്പോൾ കൃതാർഥനാണ്.

**? ഉന്നത വിദ്യാഭ്യാസ മേഖലയിൽ സമഗ്രമായ സംഭാവന നൽകിയിട്ടുണ്ട് താങ്കളുടെ നേതൃത്വത്തിലുള്ള ടികെഎം ട്രസ്റ്റ്. ഉന്നത വിദ്യാഭ്യാസ മേഖലയുടെ വളർച്ചയ്ക്ക് കേരളത്തിന് അടിയന്തരമായി വേണ്ടത് എന്താണെന്നാണ് അഭിപ്രായം**

ഉന്നത വിദ്യാഭ്യാസ രംഗത്തു ഭാവനാപൂർണമായ പരിഷ്കാരങ്ങൾ ആവശ്യമാണ്. ലോകനിലവാരം പുലർത്താൻ കഴിയുന്ന തരത്തിൽ നമ്മുടെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ പുനർനിർമിക്കണം. ഗവേഷണത്തിനു പ്രാമുഖ്യം ലഭിക്കണം. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ഗവേഷണ ഫലങ്ങൾ വ്യവസായ മേഖലയ്ക്കു മുതൽക്കൂട്ടാകണം. സാങ്കേതിക വിദ്യാഭ്യാസം നിരന്തരം പരിവർത്തനത്തിനു വിധേയമാകുകയും വേണം. പാഠ്യപദ്ധതികൾ ലോകനിലവാരത്തിനു തുല്യമായി പരിഷ്കരിക്കണം. സർക്കാരും മറ്റിതര ധനസഹായ ഏജൻസികളും കൂടുതൽ സാമ്പത്തിക സഹായവും ഗവേഷണ പദ്ധതികളും മികവുറ്റ സ്ഥാപനങ്ങൾക്കെങ്കിലും നൽകണം. പ്രാദേശിക വികസനത്തിന് അനുരൂപമായ പാഠ്യപദ്ധതികളും നൈപുണ്യവും വികസിപ്പിക്കാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളെ അനുവദിക്കണം.

**? കാഷ്യൂ എക്സ്പോർട്സ് പ്രമോഷൻ കൗൺസിൽ ഓഫ് ഇന്ത്യയുടെ ചെയർമാനായി താങ്കൾ ദീർഘകാലം സേവനമനുഷ്ഠിച്ചിട്ടുണ്ട്. ഒരുകാലത്തു കശുവണ്ടി വ്യവസായത്തിന്റെ തലസ്ഥാനമായിരുന്ന കൊല്ലത്ത് ഇന്നു വ്യവസായം വൻ തകർച്ച നേരിടുന്നു. എന്തു പരിഹാരമാണ് നിർദേശിക്കാനുള്ളത്.**

● ഇന്ത്യ സ്വാതന്ത്ര്യം നേടുമ്പോൾ എന്റെ പിതാവിന് 26 ഫാക്ടറികളും അവിടെ മുപ്പതിനായിരത്തിലധികം തൊഴിലാളികളും ഉണ്ടായിരുന്നു. ഭൂരിഭാഗവും സ്ത്രീ തൊഴിലാളികൾ. അമേരിക്കയിൽ നിന്നു പ്രസിദ്ധീകരിച്ചിരുന്ന ഫോർച്യൂൺ മാഗസിൻ പിതാവിനെ വിശേഷിപ്പിച്ചത് 'ലോകത്തിൽ ഏറ്റവും കൂടുതൽ പേർക്കു തൊഴിൽ നൽകുന്ന തൊഴിൽ ദാതാവ്' എന്നായിരുന്നു. തോട്ടണ്ടി ഇറക്കുമതി ചെയ്ത് ഇവിടെ സംസ്കരിച്ചു കയറ്റുമതി ചെയ്യുകയായിരുന്നു. ഈ രംഗത്തു യന്ത്രവൽക്കരണം അനിവാര്യമായിരുന്നു. ഇക്കാര്യത്തിൽ നമ്മൾ പിന്നിലായി. ഇതിനിടയിൽ വിയറ്റ്നാം തുടങ്ങിയ രാജ്യങ്ങൾ യന്ത്രസഹായത്തോടെ തോട്ടണ്ടി സംസ്കരണം തുടങ്ങി. കയറ്റുമതി രംഗത്ത് അവർ മേൽക്കൈ നേടി. വർധിച്ചു വന്ന തൊഴിൽ സമരങ്ങളും ഈ വ്യവസായത്തെ ബാധിച്ചു. കാഷ്യൂ എക്സ്പോർട്സ് പ്രമോഷൻ കൗൺസിലിൽ പത്തിലേറെ തവണ ഞാൻ ചെയർമാൻ സ്ഥാനം വഹിച്ചിട്ടുണ്ട്. ഇന്നു വ്യവസായം വലിയ പ്രതിസന്ധി നേരിടുന്നു. തദ്ദേശീയമായി തോട്ടങ്ങൾ വികസിപ്പിക്കണം. ആവശ്യമായ തോട്ടണ്ടിയുടെ ഒരു അളവ് ഇവിടെ തന്നെ ഉൽപാദിപ്പിക്കണം. സംരംഭകർക്ക് ഉദാര വ്യവസ്ഥയിൽ ബാങ്ക് വായ്പ ലഭ്യമാക്കണം. കയറ്റുമതിക്കും ഇറക്കുമതിക്കും നികുതിയിനത്തിൽ കാര്യമായ കുറവു വരുത്തണം.

**? വികസന രംഗത്തു കൊല്ലം ഇന്നും ഏറെ പിന്നിലാണ്. വൻ വ്യവസായ സ്ഥാപനങ്ങളോ, എന്തിനേറെ നല്ല റോഡ് പോലുമോ ഇല്ലാത്ത ജില്ലയായി കൊല്ലം മാറുന്നു. ഇതിനെ എങ്ങനെ നോക്കിക്കാണുന്നു.**

● വികസന രംഗത്തു കൊല്ലം താരതമ്യേന പിന്നിലാണ്. ജില്ലയിലുള്ള വ്യവസായ സ്ഥാപനങ്ങൾ കൂടുതൽ ആധുനികവൽക്കരിക്കണം. കൂടുതൽ മുതൽമുടക്ക് വേണം. കുണ്ടറയിലെ ടെക്നോപാർക്ക് കൂടുതൽ ഭൗതിക സൗകര്യങ്ങളോടെ വികസിപ്പിക്കണം. വിദേശ കമ്പനികളെ ആകർഷിക്കാനുള്ള നടപടി സർക്കാർ ആവിഷ്കരിക്കണം. ടൂറിസം വികസനത്തിന് അനന്തമായ സാധ്യതകളുണ്ട്. അവ ഭാവനയോടെ വികസിപ്പിക്കണം. കൂടുതൽ വിനോദസഞ്ചാരികളെ ആകർഷിക്കാൻ കഴിയണം. ഏറ്റവും ആവശ്യമായ ഭൗതിക സൗകര്യമാണു റോഡുകൾ. ദേശീയ നിലവാരത്തിലെങ്കിലുമുള്ള റോഡുകൾ ഉണ്ടാകണം. കേന്ദ്ര- സംസ്ഥാന സർക്കാരുകളുടെ നിർലോഭമായ സഹകരണങ്ങളും സഹായങ്ങളും ഉണ്ടാകണം.


ഷഹാൽ ഹസ്സൻ മുസല്യാർ

## നവതി ആഘോഷം: ആദരം 13 ന്

കൊല്ലം ● ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധ്യക്ഷനും സാമൂഹിക സാംസ്കാരിക മേഖലയിലെ നിറ സാന്നിധ്യവുമായ ഡോ. ഷഹാൽ ഹസൻ മുസല്യാരെ നവതി ആഘോഷങ്ങളുടെ ഭാഗമായി കൊല്ലം പൗരാവലിയും ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലമ്നൈ അസോസിയേഷനും ചേർന്ന് 13ന് ആദരിക്കും. കോളജ് ഓഡിറ്റോറിയത്തിൽ 3നു സമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിക്കും. കരിക്കോട് ജംക്‌ഷനിൽ നിന്നു ടി.കെ ഷഹാൽ ഹസ്സൻ മുസല്യാരെ ഉച്ചയ്ക്ക് 2നു സ്വീകരിച്ച് കോളജിലേക്ക് ആനയിക്കും.

നവതി ആഘോഷത്തിന്റെ ഭാഗമായി ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലമ്നൈ അസോസിയേഷൻ 2 ബിരുദ വിദ്യാർഥികളുടെ പഠന ചെലവ് പൂർണമായി ഏറ്റെടുക്കുമെന്നു സംഘാടക സമിതി ചെയർമാൻ എസ്. യഹിയ, കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ എന്നിവർ പറഞ്ഞു.

*Malayala Manorama. 11.08.2022. P4*

ഡോ. ഷഹാൽ ഹസ്സൻ മുസലിയാർക്ക് നവതി ആദരം

# വിജ്ഞാന സമ്പദ്ഘടന യാഥാർഥ്യമാക്കും: മുഖ്യമന്ത്രി

**സ്വന്തം ലേഖിക**

**കൊല്ലം**

ഉന്നതവിദ്യാഭ്യാസ മേഖല നേടിയെടുക്കുന്ന അറിവുകളെ നാടിനു ഗുണകരമാകുന്ന ഉൽപ്പന്നങ്ങളും സേവനങ്ങളുമാക്കി വിജ്ഞാന സമ്പദ്ഘടന യാഥാർഥ്യമാക്കുകയാണ് സർക്കാർ ലക്ഷ്യമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ പറഞ്ഞു. ടി കെ എം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അമരക്കാരൻ ഡോ. ഷഹാൽ ഹസ്സൻ മുസലിയാരുടെ നവതി ആദരവ് സമ്മേളനം ഉദ്ഘാടനംചെയ്യുകയായിരുന്നു മുഖ്യമന്ത്രി.

പൊതുവിദ്യാഭ്യാസരംഗത്ത് ആർജിച്ച നേട്ടങ്ങൾക്ക് ആനുപാതികമായി ഉന്നതവിദ്യാഭ്യാസ മേഖലയെയും ഉയർത്തുന്നതിൽ സർക്കാർ പ്രതിജ്ഞാബദ്ധമാണ്. എൻജിനിയറിങ് കോളേജ്, പോളിടെക്നിക്, ഐടിഐ എന്നിവയോടു ചേർന്ന് വ്യവസായ യൂണിറ്റുകൾ രൂപീകരിക്കുന്നതിന് 25 കോടി രൂപ അനുവദിച്ചു. എൻജിനിയറിങ് കോളേജുകളുടെ വികസനത്തിന് 38 കോടി രൂപയും പോളിടെക്നിക്കുകളുടെ വികസനത്തിന് 42 കോടി രൂപയും വകയിരുത്തി. ഐഎച്ച്ആർഡി വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ വികസനത്തിന് 23 കോടി രൂപ അനുവദിച്ചു. ഇത്തരത്തിൽ മേഖലയെ ലോകോത്തരമാക്കാൻ സർക്കാർ നടത്തുന്ന കേന്ദ്രീകൃത ഇടപെടലുകളോട് ക്രിയാത്മകമായി പ്രതികരിക്കാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും അവയുടെ മാനേജ്മെന്റുകൾക്കും കഴിയണം. സാങ്കേതികവിദ്യാഭ്യാസ രംഗത്തുള്ള ടി കെ എം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇക്കാര്യത്തിൽ വഹിക്കാനുള്ള പങ്ക് വലുതാണ്. കേരളത്തിന്റെ പുരോഗതി മുതൽ മലയാളികളുടെ പ്രവാസജീവിതം ശോഭനമാക്കുന്നതിൽ വരെ സ്ഥാപനം പ്രധാന പങ്കുവഹിക്കുന്നു. വിജ്ഞാനവിതരണത്തെ ശക്തിപ്പെടുത്തുന്നതിനൊപ്പം മതനിരപേക്ഷതയും സാമൂഹിക ഐക്യവും സംരക്ഷിക്കുന്നതിനും പ്രാധാന്യം നൽകണമെന്നും മുഖ്യമന്ത്രി പറഞ്ഞു.

കൊല്ലം പൗരാവലി, ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി എന്നിവ ചേർന്ന് സംഘടിപ്പിച്ച ചടങ്ങിൽ ടികെഎംസിഎഎസ് പ്രിൻസിപ്പൽ ചിത്രാ ഗോപിനാഥ് അധ്യക്ഷയായി. ധനമന്ത്രി കെ എൻ ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എൻ കെ പ്രേമചന്ദ്രൻ എംപി, എംഎൽഎമാരായ എം നൗഷാദ്, പി സി വിഷ്ണുനാഥ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം കെ ഡാനിയൽ, പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച് ഹുസൈൻ, പഞ്ചായത്ത് അംഗം ഷീജാ സജീവ്, ടികെഎം ട്രസ്റ്റ് ട്രഷറർ ജലാലുദീൻ മുസലിയാർ, എസ് യഹിയ എന്നിവർ സംസാരിച്ചു. ടി കെ ഷഹാൽഹസ്സൻ മുസലിയാർ മറുപടി പ്രസംഗം നടത്തി. അൻവർ മുഹമ്മദ് സ്വാഗതവും പി എം നജിമുദീൻ നന്ദിയും പറഞ്ഞു.




നവതി ആഘോഷിക്കുന്ന ഡോ. ടി കെ ഷഹാൽ ഹസ്സൻ മുസലിയാരെ ആദരിക്കാൻ കൊല്ലം പൗരാവലി സംഘടിപ്പിച്ച ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയൻ ഉപഹാരം നൽകുന്നു. മന്ത്രി കെ എൻ ബാലഗോപാൽ സമീപം

*Deshabhimani 14.08.2022, P3*



നവതി ആഘോഷിക്കുന്ന ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ടി.കെ. ഷഹാൽ ഹസൻ മുസല്യാരെ ആദരിക്കുന്ന ചടങ്ങ് ഉദ്ഘാടനം ചെയ്യാനെത്തിയ മുഖ്യമന്ത്രി പിണറായി വിജയൻ ഷഹാൽ ഹസൻ മുസല്യാരുമായി സംസാരിക്കുന്നു. പി.സി. വിഷ്ണുനാഥ് എംഎൽഎ, എം. നൗഷാദ് എംഎൽഎ, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം.കെ. ഡാനിയേൽ, മേയർ പ്രസന്ന ഏണസ്റ്റ്, ടി.കെ. ജലാലുദ്ദീൻ മുസല്യാർ, എൻ.കെ. പ്രേമചന്ദ്രൻ എംപി, മന്ത്രി കെ.എൻ ബാലഗോപാൽ എന്നിവർ സമീപം. ചിത്രം: മനോരമ

# ടി.കെ.ഷഹാൽ ഹസൻ മുസല്യാർ മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിച്ച വ്യക്തി: മുഖ്യമന്ത്രി

## ടി.കെ.ഷഹാൽ ഹസൻ മുസല്യാരുടെ നവതി ആഘോഷിച്ചു

കൊല്ലം● ഇടപെട്ട എല്ലാ മേഖലകളിലും മതനിരപേക്ഷ നിലപാട് ഉയർത്തിപ്പിടിച്ച വ്യക്തിയാണ് ടി.കെ.ഷഹാൽ ഹസൻ മുസല്യാരെന്നും രാജ്യത്തിന്റെ മതനിരപേക്ഷ മൂല്യങ്ങൾ തകർക്കാൻ ചില ശക്തികൾ ശ്രമിക്കുന്ന ഘട്ടത്തിൽ അദ്ദേഹത്തെപ്പോലുള്ളവരുടെ സാമൂഹിക ഇടപെടൽ വലിയ പ്രാധാന്യം അർഹിക്കുന്നെന്നും മുഖ്യമന്ത്രി പിണറായി വിജയൻ.

ടികെഎം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധ്യക്ഷനായ ഡോ.ടി.കെ.ഷഹാൽ ഹസൻ മുസല്യാരുടെ നവതി ആഘോഷങ്ങളുടെ ഭാഗമായി കൊല്ലം പൗരാവലിയും ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലമ്നൈ അസോസിയേഷനും ചേർന്നു നടത്തിയ ആദരിക്കൽ ചടങ്ങ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

ഉന്നത വിദ്യാഭ്യാസ മേഖലയിൽ മാത്രം ഒതുങ്ങുന്ന പേരല്ല അദ്ദേഹത്തിന്റേത്.

സാമൂഹികസേവനം, പത്രപ്രവർത്തനം, വ്യവസായ മേഖല എന്നിവിടങ്ങളിൽ അദ്ദേഹം വ്യക്തിമുദ്ര പതിപ്പിച്ചു. ഇന്ത്യയ്ക്കു പുറത്തു സേവനം അനുഷ്ഠിക്കാവുന്ന സാഹചര്യം ഉണ്ടായിട്ടും തന്റെ വിജ്ഞാന സമ്പത്ത് നാടിനായി ചെലവഴിക്കാൻ അദ്ദേഹം തീരുമാനിച്ചു. സാധാരണക്കാർക്കു വിദ്യാഭ്യാസം ലഭിക്കണമെന്നതിന്റെ ആവശ്യകത മനസ്സിലാക്കി പ്രവർത്തിച്ച തങ്ങൾകുഞ്ഞ് മുസല്യാരുടെ പാത തന്നെയാണ് ഷഹാൽ ഹസൻ മുസല്യാരും പിന്തുടരുന്നതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

കേരളം ഉന്നത വിദ്യാഭ്യാസ ഹബ്ബായി മാറുകയാണ്. കേരള സർവകലാശാലയ്ക്ക് എ പ്ലസ്പ്ലസ് റാങ്ക് നാക് നൽകി. എൻഐആർഎഫ് റാങ്കിങ്ങിൽ ആദ്യ നൂറിൽ ഉൾപ്പെട്ട സ്ഥാപനങ്ങൾ കേരളത്തിലുണ്ട്.

എന്നാൽ ആദ്യ പത്തിൽ ഇടംപിടിക്കുകയാണ് ലക്ഷ്യം. അതിനായുള്ള പ്രവർത്തനം സർക്കാരിന്റെ ഭാഗത്തു നിന്ന് ആരംഭിച്ചിട്ടുണ്ട്. കോളജ് കെട്ടിടങ്ങൾ നവീകരിക്കുക, മികച്ച ലാബ് സൗകര്യം ലഭ്യമാക്കുക, ഗവേഷക വിദ്യാർഥികൾക്കായുള്ള സൗകര്യം വർധിപ്പിക്കുക തുടങ്ങി ഉന്നത വിദ്യാഭ്യാസ രംഗത്ത് അടിസ്ഥാന സൗകര്യം ഒരുക്കുകയാണ് സർക്കാർ. ഉന്നത വിദ്യാഭ്യാസത്തിലൂടെ ലഭിക്കുന്ന അറിവ് വ്യവസായ മേഖലയുമായി ബന്ധപ്പെടുത്തി നാട് നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുക എന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്.

വൈജ്ഞാനിക-വ്യാവസായിക മേഖലകളിൽ പ്രവർത്തിക്കുന്ന ഡോ.ടി.കെ.ഷഹാൽ ഹസൻ മുസല്യാർക്കും അദ്ദേഹത്തിന്റെ സ്ഥാപനങ്ങൾക്കും ഈ ലക്ഷ്യത്തിലേക്കു വലിയ സംഭാവനകൾ ചെയ്യാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു.

ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിച്ചു.

മന്ത്രി കെ.എൻ.ബാലഗോപാൽ, കൊല്ലം മേയർ പ്രസന്ന ഏണസ്റ്റ്, എൻ.കെ.പ്രേമചന്ദ്രൻ എം.പി, എംഎൽഎമാരായ പി.സി.വിഷ്ണുനാഥ്, എം.നൗഷാദ്, ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് സാം.കെ.ഡാനിയൽ, ടികെഎം കോളജ് ട്രസ്റ്റ് പ്രസിഡന്റ് ഡോ. ടി.കെ.ഷഹാൽ ഹസൻ മുസല്യാർ, ട്രഷറർ ജലാലുദീൻ മുസല്യാർ, കൊറ്റങ്കര പഞ്ചായത്ത് പ്രസിഡന്റ് ദേവദാസ്, മുഖത്തല ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ് എച്ച്.ഹുസൈൻ, വാർഡ് മെംബർ ഷീജ സജീവ്, സംഘാടക സമിതി ചെയർമാൻ എസ്.യഹിയ, സെക്രട്ടറി പി.എം. നജിമുദീൻ എന്നിവർ പ്രസംഗിച്ചു.

*Malayala Manorama. 14.08.2022. P4*

# ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർക്ക് നവതി ആദരവ്



*ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ*

**കൊല്ലം:** നവതിയുടെ നിറവിലെത്തിയ ടി. കെ. എം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അധ്യക്ഷൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരെ കൊല്ലം പൗരാവലിയും ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷനും ആദരിക്കുന്നു. ഈ മാസം 13ന് വൈകുന്നേരം മൂന്നിന് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. ടി.കെ.എം കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് അധ്യക്ഷതവഹിക്കും. ടി.കെ.എം ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ ഉപഹാര സമർപ്പണം നടത്തും. മന്ത്രി കെ.എൻ. ബാലഗോപാൽ, മേയർ പ്രസന്ന ഏണസ്റ്റ്, എം.പിമാരായ എൻ.കെ. പ്രേമചന്ദ്രൻ, രാജ്മോഹൻ ഉണ്ണിത്താൻ തുടങ്ങിയവർ പ്രസംഗിക്കും. നവതിയോടനുബന്ധിച്ച് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലുമ്നി അസോസിയേഷൻ അർഹരായ രണ്ട് ബിരുദ വിദ്യാർഥികളുടെ പഠനചെലവ് പൂർണമായി ഏറ്റെടുക്കും.

കശുവണ്ടി വ്യവസായിയും ടി.കെ.എം ട്രസ്റ്റ് സ്ഥാപകനുമായ എ. തങ്ങൾ കുഞ്ഞ് മുസ്‌ലിയാരുടെ പുത്രനായി 1932 ഏപ്രിൽ 22നാണ് ജനനം. കോയിക്കൽ ഗവ:സ്കൂൾ, ക്രേവൻ എൽ.എം.എസ്, ആലുവ യു.സി കോളജ് എന്നിവിടങ്ങളിലെ പഠനശേഷം,അമേരിക്കയിലെ ടെക്സാസ് യൂനിവേഴ്സിറ്റിയിൽനിന്ന് കെമിക്കൽ എൻജിനീയറിങ്ങിൽ ബിരുദം നേടി. തുടർന്ന് മുസ്‌ലിയാർ ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡിന്റെ ഡയറക്ടറാവുകയും പിതാവിനൊപ്പം വ്യവസായരംഗത്ത് സജീവമാകുകയും ചെയ്തു. 1961ലാണ് ടി.കെ.എം കോളജ് ട്രസ്റ്റിന്റെ നേതൃത്വ പദവിയിലെത്തുന്നത്. വിവിധ സർവകലാശാലകളിലെ സിൻഡിക്കേറ്റ്, സെനറ്റ് അംഗം, അക്കാദമിക് കൗൺസിൽ, ഗവേണിങ് ബോഡി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്. സംഘാടകസമിതി ചെയർമാൻ യഹിയ. എസ്, പ്രസിഡന്റ് ഡോ. ചിത്ര ഗോപിനാഥ്, സി. ബാബു, എച്ച്. ഹുസൈൻ, സുരലാൽ എന്നിവർ വാർത്തസമ്മേളനത്തിൽ പരിപാടികൾ വിശദീകരിച്ചു.

*Madhyamam 11.08.2022 P3*

## Advertisement for Administrative Staff

*Madhyamam 21.08.2022, P2*

**TKM COLLEGE OF ARTS AND SCIENCE**

TKM SINCE 1958

(Aided Minority College, affiliated to the University of Kerala)
0474-2712240, Email-tkmarts@gmail.com
Website-www.tkmcas.ac.in

**NOTIFICATION/WANTED**

**Applications are invited for the following vacancies:**

**CLERK** (2 Nos)

**MECHANIC** (1 No)

**OFFICE ATTENDANT** (4 Nos)
One vacancy is reserved for physically handicapped candidates)

**Age, Qualification as per Kerala University/Government Norms**

Application forms can be had from the office of the College on payment of Rs.500/- (Rs.550/-by post).

(Mandatory declaration:- Government reserves the right to turn down the proposal for approval if it is revealed later that the appointed post is one which is not sanctioned by the Government or not existing as per the approved staff pattern)

Filled in application with copies of certificates to prove age, qualification and experience shall be sent to the Principal,TKM College of Arts and Science, Kollam-5 within 30 days from the date of publication of this notification.

Kollam
11/08/2022

CHAIRMAN
Governing Body



# Advertisement for Guest Faculty

## അധ്യാപക ഒഴിവ്

കൊല്ലം ▸ കൊല്ലം ടി.കെ.എം.കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, സുവോളജി, ഇംഗ്ലീഷ്, ഇസ്‌ലാമിക് ഹിസ്റ്ററി, ഹിന്ദി, മലയാളം, ഹിസ്റ്ററി, ഇക്കണോമിക്സ് വിഷയങ്ങൾക്ക് അധ്യാപക ഒഴിവുണ്ട്. അപേക്ഷകൾ ഓഗസ്റ്റ് 20-നകം tkmartsguest@gmail.com എന്ന മെയിലിൽ ലഭിക്കണം. അപേക്ഷകർ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യൂക്കേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്തിരിക്കണം.

*Mathrubumi 12.08.2022. P3*

## ഗസ്റ്റ് അദ്ധ്യാപക ഒഴിവ്

കൊല്ലം: ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളേജിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, സുവോളജി, ഇംഗ്ലീഷ്, ഇസ്‌ലാമിക് ഹിസ്റ്ററി, ഹിന്ദി, മലയാളം, ഹിസ്റ്ററി, എക്കണോമിക്സ് വിഭാഗങ്ങളിൽ താത്കാലിക അദ്ധ്യാപക ഒഴിവ്. ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കോളേജിയേറ്റ് എഡ്യുക്കേഷൻ ഓഫീസിൽ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾ 20 നകം അപേക്ഷിക്കണം. ഇ-മെയിൽ: tkmartsguest@gmail.com.

*Kerala Koumudi 12.08.2022 P3*

## ഗെസ്റ്റ് അധ്യാപക ഒഴിവ്

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, സുവോളജി, ഇംഗ്ലിഷ്, ഇസ്‌ലാമിക് ഹിസ്റ്ററി, ഹിന്ദി, മലയാളം, ഹിസ്റ്ററി, ഇക്കണോമിക്സ് വിഷയങ്ങളിൽ ഗെസ്റ്റ് അധ്യാപക ഒഴിവുണ്ട്. താൽപര്യമുള്ളവർ അപേക്ഷ നൽകണം. അവസാന തീയതി 20. ഇ-മെയിൽ: tkmartsguest@gmail.com.

*Malayala Manorama. 12.08.2022. P3*

# Alumni Scholarship distribution




ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് 94-96 പ്രീഡിഗ്രി ബാച്ചിന്റെ കൂട്ടായ്മ 'പെയ്തൊഴിയാതെ' നാലാമത് സംഗമവും സ്കോളർഷിപ് വിതരണവും ടി.കെ.എം ട്രസ്റ്റ് മെംബർ ഡോ. മുഹമ്മദ് ഹാറൂൻ ഉദ്ഘാടനം ചെയ്യുന്നു

## സ്കോളർഷിപ് വിതരണം

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് 94-96 പ്രീഡിഗ്രി ബാച്ചിന്റെ കൂട്ടായ്മ 'പെയ്തൊഴിയാതെ' നാലാമത് സംഗമവും സ്കോളർഷിപ് വിതരണവും ടി.കെ.എം ട്രസ്റ്റ് മെംബർ ഡോ. മുഹമ്മദ് ഹാറൂൺ ഉദ്ഘാടനം ചെയ്തു. പ്രസിഡന്റ് സാജൻ ഹിലാൽ മുഹമ്മദ് അധ്യക്ഷതവഹിച്ചു. ജനറൽ സെക്രട്ടറി ശ്രീരാജ് ആർ. നായർ, കോളജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, അലുമ്നി ഭാരവാഹികളായ അൻവർ മുഹമ്മദ്, നജ്മുദ്ദീൻ, മുഹമ്മദ് മൂസ, എസ്. യഹിയ, സിദ്ദിഖ്, വിനുരാജ്, സുനിൽ, യൂഫാഖാൻ, ഷാജി എന്നിവർ സംസാരിച്ചു.

## ഗെസ്റ്റ് അധ്യാപക ഒഴിവ്

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്ട് ആൻഡ് -സയൻസിൽ 2022-2023 അധ്യയന വർഷത്തേക്ക് മാത്തമാറ്റിക്സ്, ഫിസിക്സ്, ബോട്ടണി, സുവോളജി, ഇംഗ്ലീഷ്, ഇസ്ലാമിക് ഹിസ്റ്ററി, ഹിന്ദി, മലയാളം, ഹിസ്റ്ററി, എക്കണോമിക്സ് എന്നീ വിഷയങ്ങളിലേക്ക് ഗെസ്റ്റ് അധ്യാപകരുടെ ഒഴിവുണ്ട്. അപേക്ഷകൾ ആഗസ്റ്റ് 20 നകം tkmartsguest@gmail.com എന്ന ഇ മെയിലിൽ അയക്കണം. അപേക്ഷകർ ഡെപ്യൂട്ടി ഡയറക്ടർ ഓഫ് കൊളീജിയറ്റ് എജുക്കേഷൻ ഓഫിസിൽ രജിസ്റ്റർ ചെയ്തിരിക്കണം.

*Madhyamam 12.08.2022 P3*

# Advertisement for Administrative Staff

**TKM COLLEGE OF ARTS AND SCIENCE**

(Aided Minority College, affiliated to the University of Kerala)
0474-2712240, Email-tkmarts@gmail.com
Website-www.tkmcas.ac.in

**NOTIFICATION/WANTED**

Applications are invited for the following vacancies:

**CLERK** (2 Nos)

**MECHANIC** (1 No)

**OFFICE ATTENDANT** (4 Nos)
One vacancy is reserved for physically handicapped candidates)

**Age, Qualification as per Kerala University/Government Norms**

Application forms can be had from the office of the College on payment of Rs.500/- (Rs.550/-by post).

(Mandatory declaration:- Government reserves the right to turn down the proposal for approval if it is revealed later that the appointed post is one which is not sanctioned by the Government or not existing as per the approved staff pattern)

Filled in application with copies of certificates to prove age, qualification and experience shall be sent to the Principal,TKM College of Arts and Science, Kollam-5 within 30 days from the date of publication of this notification.

Kollam
11/08/2022

CHAIRMAN
Governing Body

*The Hindu 20.08.2022, P3*

**TKM COLLEGE OF ARTS AND SCIENCE**

(Aided Minority College, affiliated to the University of Kerala)
0474-2712240, Email-tkmarts@gmail.com
Website-www.tkmcas.ac.in

**NOTIFICATION/WANTED**

Applications are invited for the following vacancies:

**CLERK** (2 Nos)

**MECHANIC** (1 No)

**OFFICE ATTENDANT** (4 Nos)
One vacancy is reserved for physically handicapped candidates)

**Age, Qualification as per Kerala University/Government Norms**

Application forms can be had from the office of the College on payment of Rs.500/- (Rs.550/-by post).

(Mandatory declaration:- Government reserves the right to turn down the proposal for approval if it is revealed later that the appointed post is one which is not sanctioned by the Government or not existing as per the approved staff pattern)

Filled in application with copies of certificates to prove age, qualification and experience shall be sent to the Principal,TKM College of Arts and Science, Kollam-5 within 30 days from the date of publication of this notification.

Kollam
11/08/2022

CHAIRMAN
Governing Body

*New Indian Express. 20.08.2022. P5*



# NAAC Accreditation—Third Cycle

*The Hindu 10.09.2022, P3*

# A++ for TKMC in NAAC ranking

## It is the first aided college in University of Kerala to achieve the feat

**STAFF REPORTER**
**KOLLAM**

The TKM College (TKMC) of Arts and Science has been accredited with the highest grade of A++ (CGPA - 3.67) by the National Accreditation and Assessment Council (NAAC) making it the first aided arts and science college under University of Kerala to have achieved the feat.

"The college ranks second in grade point among all aided colleges in Kerala. Academic standards, infrastructure, quality of academic research and publications, teaching and learning evaluation and community services rendered by the institution were some of the many criteria for NAAC assessment," said the college authorities at a press meet here recently.

**The process of assessment was completed over a period of two months**

The process of assessment was completed over a period of two months with both online and in-person verification by a NAAC peer team and the grade was awarded for the consistent performance put forth by the college over the past five years.

State-of-the-art laboratories for undergraduate and postgraduate students, 100% smart classrooms, computerised library services that offer remote access facility to both students and faculty, RUSA-funded research block housing high-end research laboratories, and scholar amenity centre, were among the factors considered.

A cage culture in Ashtamudi Lake, exclusively for Scheduled Case/Scheduled Tribe students, in association with the Central Marine Fisheries Research Institute (CMFRI), is the first student start-up backed by the college.

### 'Green Campus'

The State government had accorded 'Green Campus' status to the college in July, 2022 for its various eco-friendly and conservation measures.

The college has devised measures for waste disposal and groundwater recharge, has composting units, restricted the use of plastic on the campus and effectively recycles the same.

### Collective effort

"Functioning under the T.K.M. College Trust helmed by Dr. Shahal Hassan Musaliar, the collective effort and wholehearted cooperation of the management, staff, students and other stakeholders including alumni and parents have made this possible. The A++ grade attained by the college would provide impetus to transform the institution into a centre of excellence," said Chithra Gopinath, Principal.

# അംഗീകാര നിറവിൽ ടികെഎം കോളേജ്

*Deshabhimani 08. 09. 2022. P4*

**കൊല്ലം**

ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിന് നാഷണൽ അക്രഡിറ്റേഷൻ ആൻഡ് അസസ്മെന്റ് കൗൺസിലിന്റെ (നാക്) എ പ്ലസ് പ്ലസ് ഗ്രേഡ്. മികച്ച അക്കാഡമിക് നിലവാരം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ, ഗവേഷണരംഗത്തും പ്രസാധനത്തിലുമുള്ള മികവ് , സാമൂഹ്യസേവനം, അധ്യാപക–വിദ്യാർഥി അനുപാതം തുടങ്ങിയ നൂറോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാക് നിയോഗിച്ച വിദഗ്ദസംഘം നടത്തിയ പരിശോധനയിലാണ് സംസ്ഥാനത്തെ മികച്ച കോളേജുകളുടെ മുൻനിരയിലേക്ക് ടികെഎം എത്തിയത് . കേരള യൂണിവേഴ്സിറ്റിയുടെ കിഴിൽ എ പ്ലസ്പ്ലസ് നേടുന്ന ആദ്യത്തെ ആർട്സ് ആൻഡ് സയൻസ് കോളേജും സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന രണ്ടാമത്തെ അഫിലിയേറ്റഡ് കോളേജുമാണ് ടികെഎം. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഐക്യുഎസി കോ– ഓർഡിനേറ്റർ ഡോ. സുമലക്ഷ്മി, ടികെഎം കോളേജ് ട്രസ്റ്റ് ട്രഷറർ ജലാലുദീൻ മുസലിയാർ, ട്രസ്റ്റ് അംഗം എം ഹാറൂൺ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

# NAAC Accreditation—Third Cycle

## NAAC A++ grade for TKM College of Arts & Science

**EXPRESS NEWS SERVICE** @Kollam

TKM COLLEGE of Arts and Science in Kollam has been awarded an A++ grade by the National Assessment and Accreditation Council (NAAC), with the highest grade point average (CGPA) of 3.67 out of four.

The institution has become the first aided college under Kerala University to achieve the feat.

The NAAC peer team completed the online and in-person verification of the assessment in two months.

The overall grade was awarded for the consistent performance by the college over the past five years, said principal Chitra Gopinath.

The A++ grade is awarded based on curricular aspects; teaching, learning and evaluation; research, innovations, and extension; infrastructure and learning resources; student support and progression; governance, leadership, and management; institutional values and best practices.

The college is also known for its mechanism to identify students from marginalised communities and provide adequate aid to them.

"The recognition is the result of the collective effort by the students, teachers, parents, and staff members of the college. Our objective is to ensure that no student is left behind in attaining an education due to financial difficulties", said Chitra.

In July 2022, the state government accorded green campus status to the college for its various eco-friendly measures.

*New Indian Express 11.09.2022. P2*

## ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിന് അംഗീകാരം

**കൊല്ലം** ▸ ടി.കെ.എം. ആർട്സ് ആൻഡ് സയൻസ് കോളേജിന് നാഷണൽ അക്രെഡിറ്റേഷൻ ആൻഡ് അസസ്മെന്റ് കൗൺസിലിന്റെ എ പ്ലസ് പ്ലസ് ഗ്രേഡ്. മികച്ച അക്കാദമിക നിലവാരം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ, ഗവേഷണരംഗത്തും പ്രസാധനത്തിലുമുള്ള മികവ്, സാമൂഹികസേവനം, അധ്യാപക-വിദ്യാർഥി അനുപാതം തുടങ്ങിയ നൂറോളം മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാക് നിയോഗിച്ച വിദഗ്ധ സംഘം നടത്തിയ പരിശോധനയിലാണ് അംഗീകാരം ലഭിച്ചത്.

കേരള സർവകലാശാലയുടെ കീഴിൽ എ പ്ലസ് പ്ലസ് നേടുന്ന ആദ്യത്തെ ആർട്സ് ആൻഡ് സയൻസ് കോളേജും സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന രണ്ടാമത്തെ അഫിലിയേറ്റഡ് കോളേജുമാണ് ടി.കെ.എം. രണ്ടുമാസത്തിടയിൽ ഓൺലൈനായും കാമ്പസിൽ നേരിട്ടെത്തിയും പരിശോധന നടത്തി അഞ്ചുവർഷത്തെ പ്രവർത്തനങ്ങളെ വിലയിരുത്തിയാണ് ഗ്രേഡ് നിശ്ചയിച്ചത്.

ഡോ. ഷഹൽ ഹസൻ മുസലിയാർ നേതൃത്വംനൽകുന്ന ടി.കെ.എം. കോളേജ് ട്രസ്റ്റിനു കീഴിലാണ് ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രവർത്തിക്കുന്നത്. സ്ഥാപനത്തെ രാജ്യത്തെ ഏറ്റവും മികച്ച സെൻറർ ഓഫ് എക്സലൻസ് ആക്കി ഉയർത്താനുള്ള പരിശ്രമങ്ങൾക്ക് ഇപ്പോൾ കിട്ടിയ അംഗീകാരം കരുത്തുപകരുമെന്ന് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഡോ. സുമലക്ഷ്മി എന്നിവർ അറിയിച്ചു. ടി.കെ.എം. കോളേജ് ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസലിയാർ, ട്രസ്റ്റ് അംഗം ഡോ. എം.ഹാറൂൺ എന്നിവരും പത്രസമ്മേളനത്തിൽ പങ്കെടുത്തു.

*Mathrubumi 08.09.2022 P3*



# NAAC Accreditation—Third Cycle

# ടികെഎം കോളജിന് നാക്ക് എ പ്ലസ് പ്ലസ് പദവി

*Malayala Manorama.*

*08.09.2022. P3*

കൊല്ലം ● ടികെഎം ആർട്സ് ആൻഡ് സയൻസ് കോളജിന് നാഷനൽ അക്രഡിറ്റേഷൻ ആൻഡ് അസസ്മെന്റ് കൗൺസിലിന്റെ (നാക്ക്) എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ചു. മികച്ച അക്കാദമിക് നിലവാരം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ, സാമൂഹ്യസേവനം, അധ്യാപക-വിദ്യാർഥി അനുപാതം തുടങ്ങിയ ഒട്ടേറെ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കഴിഞ്ഞ രണ്ട് മാസത്തിനിടെ ഓൺലൈനായും ക്യാംപസിൽ നേരിട്ടെത്തിയും പരിശോധന നടത്തി 5 വർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഗ്രേഡ് നിശ്ചയിച്ചത്. ഈ നേട്ടം കൈവരിക്കുന്ന കേരള സർവകലാശാലയിലെ ആദ്യ കോളജാണ് ടികെഎം. സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന രണ്ടാമത്തെ അഫിലിയേറ്റഡ് കോളജ് എന്ന നേട്ടവും സ്വന്തമാക്കി.

നവീന സൗകര്യങ്ങളോടു കൂടിയ ലാബുകളും സ്മാർട് ക്ലാസ് മുറികളും ഗവേഷണ സമുച്ചയവും കംപ്യൂട്ടർവൽക്കരിച്ച ലൈബ്രറിയും നേട്ടത്തിനു കാരണമായെന്നു ടികെഎം കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ ജലാലുദ്ദീൻ മുസല്യാർ, ട്രസ്റ്റ് അംഗം ഡോ. എം. ഹാറൂൺ, കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഐക്യുസി കോ-ഓർഡിനേറ്റർ ഡോ. സുമലക്ഷ്മി എന്നിവർ പറഞ്ഞു. ക്യാംപസ് പ്ലേസ്മെന്റ്, തുടർ വിദ്യാഭ്യാസത്തിനു താൽപര്യമുള്ളവർക്കായി നടത്തിയ പ്രത്യേക പരിശീലനവും ശ്രദ്ധേയമായി.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പാർപ്പിടം, ഓൺലൈൻ പഠനത്തിന് ആവശ്യമായി സ്മാർട് ഫോണുകൾ വിതരണം ചെയ്യുക, കുടുംബശ്രീ യൂണിറ്റുകൾക്ക് കൂൺ കൃഷി പരിശീലനം, പട്ടികജാതി പട്ടികവർഗ വിഭാഗത്തിൽ പെട്ട വിദ്യാർഥികൾക്കായി അഷ്ടമുടി കായലിൽ കരിമീൻ കൂട് കൃഷ് സ്റ്റാർട്ടപ്പ് എന്നിവ വിദ്യാർഥികളുടെ മേൽനോട്ടത്തിൽ നടക്കുന്നു. ഇവ വിദ്യാർഥികളിൽ സാമൂഹിക സേവന സന്നദ്ധത വളർത്തുന്നെന്ന് വിലയിരുത്തി.

2002ജൂലൈയിൽ ഗ്രീൻ ക്യാംപസ് ആയി ടികെഎം കോളജിനെ പ്രഖ്യാപിച്ചിട്ടുണ്ട്. ഡോ.ഷഹൽ ഹസൻ മുസ്‌ലിയാർ നേതൃത്വം നൽകുന്ന ടികെഎം കോളജ് ട്രസ്റ്റിനു കീഴിലാണ് ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് പ്രവർത്തിക്കുന്നത്.രാജ്യത്തെ ഏറ്റവും മികച്ച വിദ്യാഭ്യാസ സ്ഥാപനമാക്കി ടികെഎമ്മിനെ വളർത്താൻ ഇപ്പോൾ ലഭിച്ച ഉയർന്ന റാങ്ക് സഹായകരമാകുമെന്നും അവർ പറഞ്ഞു.



# NAAC Accreditation—Third Cycle

## ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിന് എ++ ഗ്രേഡ്

**കേരള സർവകലാശാലയുടെ കീഴിൽ എ ++ നേടുന്ന ആദ്യത്തെ ആർട്സ് ആൻഡ് സയൻസ് കോളജാണ് ടി.കെ.എം**

**കൊല്ലം:** ടി.കെ.എം ആർട്സ് ആൻഡ് സയൻസ് കോളജിന് നാഷനൽ അക്രഡിറ്റേഷൻ ആൻഡ് അസസ്മെന്റ് കൗൺസിലിന്റെ (നാക്) എ++ ഗ്രേഡ്. മികച്ച അക്കാദമിക നിലവാരം, അടിസ്ഥാന ഭൗതിക സൗകര്യങ്ങൾ, ഗവേഷണ രംഗത്തും പ്രസാധനത്തിലുമുള്ള മികവ്, സാമൂഹിക സേവനം, അധ്യാപക-വിദ്യാർഥി അനുപാതം തുടങ്ങിയ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ നാക്ക് നിയോഗിച്ച സംഘം നടത്തിയ പരിശോധനയെത്തുടർന്നാണ് ഈ അംഗീകാരമെന്ന് ടി.കെ.എം കോളജ് ട്രസ്റ്റ് ട്രഷറർ ജലാലുദ്ദീൻ മുസ്‌ലിയാർ, ട്രസ്റ്റ് മെംബർ ഡോ. എം. ഹാറൂൺ, പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഐ.ക്യു.എ.സി കോഓഡിനേറ്റർ ഡോ. സുമലക്ഷ്മി എന്നിവർ വാർത്തസമ്മേളനത്തിൽ അറിയിച്ചു.

കേരള സർവകലാശാലയുടെ കീഴിൽ എ ++ നേടുന്ന ആദ്യത്തെ ആർട്സ് ആൻഡ് സയൻസ് കോളജും, സംസ്ഥാനത്ത് ഏറ്റവും ഉയർന്ന ഗ്രേഡ് നേടുന്ന രണ്ടാമത്തെ അഫിലിയേറ്റഡ് കോളജുമാണ് ടി.കെ.എം. ഓൺലൈനായും കാമ്പസിൽ നേരിട്ടെത്തിയും പരിശോധന നടത്തി അഞ്ചുവർഷത്തെ പ്രവർത്തനങ്ങൾ വിലയിരുത്തിയാണ് ഗ്രേഡ് നിശ്ചയിച്ചത്.

ഉയർന്ന പഠനനിലവാരവും പഠനശേഷം കാമ്പസ് പ്ലേസ്മെന്റ് വഴിയും അല്ലാതെയുമുള്ള തൊഴിൽ ലഭ്യത, തുടർ വിദ്യാഭ്യാസത്തിനായി രാജ്യത്തിനകത്തും വിദേശത്തുമുള്ള ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങളിലേക്ക് വിദ്യാർഥികളെ അയക്കുന്നതിൽ സ്ഥാപനം ഒരുക്കുന്ന പ്രത്യേക പരിശീലനം എന്നിവ ശ്രദ്ധേയമായി.

പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് പാർപ്പിടം, കോവിഡ് കാലത്ത് ഓൺലൈൻ പഠനത്തിനാവശ്യമായ സ്മാർട്ട് ഉപകരണങ്ങളുടെ വിതരണം നിർധനർക്ക് സ്വയം തൊഴിലിനായി തയ്യൽ മെഷീനുകൾ, അഷ്ടമുടിക്കായലിൽ കരിമീൻ കൂട് കൃഷി സ്റ്റാർട്ടപ് എന്നിവ നടത്തുന്നുണ്ട്.

കോളജിനെ 'ഗ്രീൻ കാമ്പസ്' ആയി പ്രഖ്യാപിച്ചിട്ടുണ്ട്. ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാർ നേതൃത്വം നൽകുന്ന ടി.കെ.എം കോളജ് ട്രസ്റ്റിന് കീഴിലാണ് കോളജ് പ്രവർത്തിക്കുന്നത്.

*Madhyamam 08.09.2022 P3*

## Achievement



**കേരള സർവകലാശാലയിൽനിന്ന് കോമേഴ്സിൽ പി.എച്ച്.ഡി നേടിയ കൊല്ലം ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ അസി. പ്രഫസർ ആർ. തൻസീന ബായ്. കേരളത്തിലെ വ്യവസായമേഖലയിൽ വൈദ്യുതി ലഭ്യതക്കുറവ് വരുത്തുന്ന ആഘാതമെന്ന വിഷയത്തിലായിരുന്നു പഠനം. പ്രഫ. കെ. അനിൽകുമാറിന്റെ മേൽനോട്ടത്തിലായിരുന്നു ഗവേഷണം. പരേതനായ ഇഖ്ബാൽ സേട്ടിന്റെയും റസിയാ ബായിയുടെയും മകളും സമീർസേട്ടിന്റെ ഭാര്യയുമാണ്**

*Madhyamam 15.12.2022, P3*

Deshabhimani 21.09.2022, P2

# വിദ്യാർഥിനിയോട് അപമര്യാദയായി പെരുമാറിയ കണ്ണൂർ സ്വദേശി അറസ്റ്റിൽ

**കിളികൊല്ലൂർ**

കോളേജ് വിദ്യാർഥിനിയോട് അപമര്യാദയായി പെരുമാറിയ കണ്ണൂർ സ്വദേശിയായ യുവാവ് അറസ്റ്റിൽ. കണ്ണൂർ തയ്യൂർ ദേശത്ത് ഷാരൂൺ നിവാസിൽ ഷാരൂണി (22)നെയാണ് കിളികൊല്ലൂർ പൊലീസ് അറസ്റ്റ് ചെയ്തത്. കോളേജ് വിദ്യാർഥിയായ യുവതിയെ നവമാധ്യമത്തിലൂടെയാണ് ഷാരൂൺ പരിചയപ്പെട്ടത്.



ഷാരൂൺ

കഴിഞ്ഞദിവസം വിദ്യാർഥിനി പഠിക്കുന്ന കൊല്ലത്തെ കോളേജിൽ അതിക്രമിച്ചു കയറി യുവതിയെ ശാരീരികമായി ആക്രമിക്കാൻ ശ്രമിക്കുകയായിരുന്നു. വിദ്യാർഥികളുംഅധ്യാപകരും ഇയാളെ തടഞ്ഞുവച്ച് പൊലീസിൽ പരാതിപ്പെടുകയായിരുന്നു. കിളികൊല്ലൂർ ഇൻസ്പെക്ടർ കെ വിനോദിന്റെ നേതൃത്വത്തിൽ എസ്ഐമാരായ വി സ്വാതി, താഹകോയ, ജയൻ കെ സക്കറിയ, ജാനസ് പി ബേബി, സിപിഒമാരായ അജോ ജോസഫ്, ഇമ്മാനുവൽ പെരേര, ഷാജി എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

# വിദ്യാർഥിനിയോട് മോശമായി പെരുമാറിയയാൾ അറസ്റ്റിൽ

**കിളികൊല്ലൂർ:** കരിക്കോട്ടെ സ്വകാര്യ കോളജിൽ പഠിക്കുന്ന വിദ്യാർഥിനിയോട് അപമര്യാദയായി പെരുമാറിയ കണ്ണൂർ സ്വദേശിയായ യുവാവ് അറസ്റ്റിൽ. കണ്ണൂർ തയ്യൂർ ശ്രീകുറുമ്പ ഭഗവതിക്ഷേത്രത്തിന് സമീപം ഷാരുൺ (22) ആണ് കിളികൊല്ലൂർ പൊലീസിന്റെ പിടിയിലായത്. സമൂഹമാധ്യമത്തിലൂടെ വിദ്യാർഥിനിയെ പരിചയപ്പെട്ട ഷാരുൺ വിദ്യാർഥിനിയെ കാണാനായി കോളജിലെത്തുകയും പെൺകുട്ടിയെ ബലം പ്രയോഗിച്ച് കോളജിന് പുറത്തേക്ക് കൊണ്ടുപോകാൻ ശ്രമിക്കുകയും ചെയ്തു. പെൺകുട്ടി ബഹളം വെച്ചതിനെതുടർന്ന് അധ്യാപകരും വിദ്യാർഥികളും ചേർന്ന് യുവാവിനെ തടഞ്ഞുവെക്കുകയും കിളികൊല്ലൂർ പൊലീസിനെ വിവരമറിയിക്കുകയുമായിരുന്നു.

പ്രിൻസിപ്പലിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ പൊലീസ് കോളജിലെത്തി വിദ്യാർഥിനിയുടെ മൊഴി രേഖപ്പെടുത്തി കേസ് രജിസ്റ്റർചെയ്തു. കിളികൊല്ലൂർ ഇൻസ്പെക്ടർ വിനോദിന്റെ നേതൃത്വത്തിൽ എസ്.ഐമാരായ സ്വാതി, ജയൻ സക്കറിയ, താഹകോയ, ജാനസ് പി.ബേബി, സി.പി.ഒമാരായ അജോ ജോസഫ്, ഇമ്മാനുവൽ പെരേര, ഷാജി എന്നിവരടങ്ങിയ സംഘമാണ് പ്രതിയെ അറസ്റ്റ് ചെയ്തത്.

Madhyamam 21.09.2022, P4

# Misconduct

## കോളജ് വിദ്യാർഥിനിയോട് അപമര്യാദ: യുവാവ് പിടിയിൽ

*Malayala Manorama. 21.09.2022. P2*

കൊല്ലം ● കോളജ് വിദ്യാർഥിനിയോട് അപമര്യാദയായി പെരുമാറിയ കണ്ണൂർ സ്വദേശി പിടിയിൽ. കണ്ണൂർ തയ്യൂർ ശ്രീകുറുമ്പ ഭഗവതി ക്ഷേത്രത്തിനു സമീപം താമസിക്കുന്ന ഷാരുൺ (22) ആണു കിളികൊല്ലൂർ പൊലീസിന്റെ പിടിയിലായത്.

സ്വകാര്യ കോളജിൽ പഠിക്കുന്ന വിദ്യാർഥിനിയുമായി സമൂഹമാധ്യമത്തിലൂടെ പരിചയപ്പെട്ട ഇയാൾ വിദ്യാർഥിയെ കാണാൻ കഴിഞ്ഞ ദിവസം കോളജിലെത്തി. തുടർന്ന് പെൺകുട്ടിയെ ബലം പ്രയോഗിച്ചു കോളജിനു പുറത്തേക്കു കൊണ്ടുപോകാൻ ശ്രമിക്കുകയും പെൺകുട്ടി ബഹളം വയ്ക്കുകയും അധ്യാപകരും വിദ്യാർഥികളും ചേർന്ന് ഇയാളെ തടഞ്ഞു വച്ചു പൊലീസിനു കൈമാറുകയായിരുന്നു.

കിളികൊല്ലൂർ ഇൻസ്പെക്ടർ കെ.വിനോദിന്റെ നേതൃത്വത്തിൽ, എസ്ഐമാരായ സ്വാതി, ജയൻ സക്കറിയ, താഹ കോയ, ജാനസ് പി.ബേബി, സിപിഒമാരായ അജോ ജോസഫ്, ഇമ്മാനുവൽ പെരേര, ഷാജി എന്നിവരടങ്ങിയ സംഘമാണ് ഇയാളെ അറസ്റ്റ് ചെയ്തത്.

## പീഡനശ്രമം: രണ്ടുപേർ അറസ്റ്റിൽ

**കരിക്കോട്** ▸ കിളികൊല്ലൂരിൽ വ്യത്യസ്ത സംഭവങ്ങളിലായി രണ്ടു പെൺകുട്ടികളോട് ലൈംഗികാതിക്രമം നടത്തിയ കേസുകളിൽ മലപ്പുറം, കണ്ണൂർ സ്വദേശികളായ യുവാക്കളെ പോലീസ് പിടികൂടി. ഒൻപതാം ക്ലാസ് വിദ്യാർഥിനിയെ കിളികൊല്ലൂർ റെയിൽവേ സ്റ്റേഷനിലെത്തിച്ച് പീഡിപ്പിക്കാൻ ശ്രമിച്ച കേസിലാണ് മലപ്പുറം നെല്ലിശ്ശേരി കാങ്കേലി വളപ്പിൽ വീട്ടിൽ നിഹാദി(22)നെ പോക്സോ പ്രകാരം അറസ്റ്റ് ചെയ്തത്.




▶ നിഹാദ് ഷാരോൺ

മറ്റൊരു കേസിൽ ബിരുദവിദ്യാർഥിനിയുടെ പഠനകേന്ദ്രത്തിലേക്ക് അതിക്രമിച്ചുകയറി കൈയിൽ കയറിപ്പിടിക്കുകയും മോശമായി പെരുമാറുകയും ചെയ്തെന്ന കേസിലാണ് കണ്ണൂർ തയ്യൂർ ഷാരൂൺ നിവാസിൽ ഷാരൂൺ (22) അറസ്റ്റിലായത്. പിടിയിലായ പ്രതികൾ ഫെയ്സ്ബുക്ക്, വാട്സാപ്പ് വഴിയാണ് പെൺകുട്ടികളെ പരിചയപ്പെട്ടതെ

*Mathrubumi 21.09.2022 P2*





# Academic Excellence Award



കേരള യൂണിവേഴ്സിറ്റി അക്കാദമിക് എക്സലൻസ് അവാർഡ് മന്ത്രി ഡോ.ആർ.ബിന്ദുവിൽ നിന്നു ടികെഎം കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഐക്യുഎസി കോ-ഓർഡിനേറ്റർ ഡോ.സുമലക്ഷ്മി എന്നിവർ ചേർന്ന് ഏറ്റുവാങ്ങുന്നു.

## അവാർഡ് നേട്ടത്തിൽ ടികെഎം കോളജ്

കൊല്ലം ● കേരള സർവകലാശാലയ്ക്കു കീഴിൽ മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന കോളജുകൾക്കായി യൂണിവേഴ്സിറ്റി നൽകുന്ന അക്കാദമിക് എക്സലൻസ് അവാർഡിനു ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അർഹമായി. തിരുവനന്തപുരം യൂണിവേഴ്സിറ്റി ക്യാംപസിൽ നടന്ന അവാർഡ് വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മന്ത്രി ഡോ.ആർ.ബിന്ദു അവാർഡ് വിതരണം ചെയ്തു. ടികെഎം കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ്, ഐക്യുഎസി കോ-ഓർഡിനേറ്റർ ഡോ.സുമലക്ഷ്മി എന്നിവർ ചേർന്ന് അവാർഡ് ഏറ്റുവാങ്ങി.

വൈസ് ചാൻസലർ പ്രഫ.വി.പി.മഹാദേവൻ പിള്ള അധ്യക്ഷത വഹിച്ചു. മന്ത്രി കെ.എൻ.ബാലഗോപാൽ, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, പ്രോ.വൈസ് ചാൻസലർ ഡോ.പി.പി.അജയകുമാർ, കെ.എച്ച്.ബാബു ജാൻ എന്നിവർ നേതൃത്വം നൽകി.

*Malayala Manorama. 19.10.2022. P2*

## ടികെഎം ആർട്സ് കോളേജിന് മെറിറ്റ് അവാർഡ്

**കൊല്ലം**

കേരള സർവകലാശാലയ്ക്കു കീഴിലെ ഏറ്റവും മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന കോളേജിന് നൽകുന്ന അക്കാദമിക് എക്സലൻസ് അവാർഡ് ടികെഎം കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിന്. ഏറ്റവും ഉയർന്ന പോയിന്റോടെ നാക് എ പ്ലസ് പ്ലസ് ഗ്രേഡ് ലഭിച്ച ആർട്സ് ആൻഡ് സയൻസ് കോളേജാണ് ടികെഎം. സർവകലാശാല ക്യാമ്പസിൽ നടന്ന അവാർഡ് വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. വൈസ് ചാൻസിലർ വി പി മഹാദേവൻപിള്ള അധ്യക്ഷനായി. ഉന്നതവിദ്യാഭ്യാസ മന്ത്രി ആർ ബിന്ദു അവാർഡ് വിതരണംചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഐക്യുഎസി കോ – ഓർഡിനേറ്റർ സുമലക്ഷ്മി എന്നിവർ അവാർഡ് ഏറ്റുവാങ്ങി. ധനമന്ത്രി കെ എൻ ബാലഗോപാൽ, കടകംപള്ളി സുരേന്ദ്രൻ എംഎൽഎ, ഡോ. പി പി അജയകുമാർ, ബാബു ജാൻ എന്നിവർ പങ്കെടുത്തു.

*Deshabhimani 19.10.2022, P2*



# Academic Excellence Award

## ടി.കെ.എം. ആർട്സ് കോളേജിന് അക്കാദമിക് എക്സലൻസ് അവാർഡ് സമ്മാനിച്ചു



ടി.കെ.എം. ആർട്സ് കോളേജിന് അക്കാദമിക് എക്സലൻസ് അവാർഡ് മന്ത്രി ആർ.ബിന്ദു സമ്മാനിക്കുന്നു

**കൊല്ലം ▸** കേരള സർവകലാശാലയ്ക്കുകീഴിൽ ഏറ്റവും മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന കോളേജുകൾക്കായി യൂണിവേഴ്സിറ്റി നൽകുന്ന അക്കാദമിക് എക്സലൻസ് അവാർഡ് ടി.കെ.എം. ആർട്സ് കോളേജിന് മന്ത്രി ആർ.ബിന്ദു സമ്മാനിച്ചു. യൂണിവേഴ്സിറ്റി കാമ്പസിൽവെച്ച് നടന്ന അവാർഡ് വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ചിത്ര ഗോപിനാഥ്, സുമലക്ഷ്മി എന്നിവർ അവാർഡ് ഏറ്റുവാങ്ങി. വൈസ് ചാൻസലർ പ്രൊഫ. വി.പി.മഹാദേവൻ പിള്ള അധ്യക്ഷതവഹിച്ചു.

ധനമന്ത്രി കെ.എൻ.ബാലഗോപാൽ, കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ., പ്രോ. വൈസ് ചാൻസലർ ഡോ. പി.പി.അജയകുമാർ, അഡ്വ. കെ.എച്ച്.ബാബുജാൻ തുടങ്ങിയവർ സംബന്ധിച്ചു.

*Mathrubumi 19.10.2022 P2*

## ടി.കെ.എം ആർട്സ് കോളജിന് യൂനിവേഴ്സിറ്റി മെറിറ്റ് അവാർഡ്

**കരിക്കോട്:** കേരള സർവകലാശാലക്ക് കീഴിൽ മികച്ച അക്കാദമിക നിലവാരം പുലർത്തുന്ന കോളജുകൾക്കായി യൂനിവേഴ്സിറ്റി നൽകുന്ന അക്കാദമിക് എക്സലൻസ് അവാർഡ് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് ഏറ്റുവാങ്ങി.

യൂനിവേഴ്സിറ്റി കാമ്പസിൽ നടന്ന അവാർഡ് വിതരണ ചടങ്ങ് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്തു. മന്ത്രി ഡോ.ആർ. ബിന്ദു അവാർഡ് വിതരണം ചെയ്തു. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, ഐ.ക്യു എ.സി കോഓഡിനേറ്റർ ഡോ. സുമലക്ഷ്മി എന്നിവർ അവാർഡ് ഏറ്റുവാങ്ങി. വൈസ് ചാൻസലർ പ്രഫ. വി.പി. മഹാദേവൻ പിള്ള അധ്യക്ഷതവഹിച്ചു. മന്ത്രി കെ.എൻ. ബാലഗോപാൽ, കടകംപള്ളി സുരേന്ദ്രൻ എം.എൽ.എ, പ്രോ-വൈസ് ചാൻസലർ ഡോ.പി.പി. അജയകുമാർ, അഡ്വ. കെ.എച്ച്. ബാബുജാൻ തുടങ്ങിയവർ പങ്കെടുത്തു.

*Madhyamam 19.10.2022 P4*

# Achievement



കേരള സർവകലാശാലയിൽനിന്ന് സുവോളജിയിൽ ഡോക്ടറേറ്റ് നേടിയ എം.വി. രോഹിണികൃഷ്ണ. കരിക്കോട് ടി.കെ.എം. കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജിവിഭാഗം അസിസ്റ്റന്റ് പ്രൊഫസറാണ്. തൃക്കരുവ ഞാറയ്ക്കൽ ഗീതാഞ്ജലിയിൽ റിട്ട. പ്രൊഫസർ ഡോ. മനോഹരൻ പിള്ളയുടെയും റിട്ട. പ്രഥമാധ്യാപിക വസന്തയുടെയും മകളാണ്. അമ്പലപ്പുഴ ഗവ. കോളേജ് പൊളിറ്റിക്കൽ സയൻസ് വിഭാഗം പ്രൊഫസർ ജി.ഉണ്ണികൃഷ്ണനാണ് ഭർത്താവ്

*Mathrubhumi 14.12.2022, P3*



കേരള സർവകലാശാലയിൽനിന്ന് സുവോളജിയിൽ ഡോക്ടറേറ്റ് നേടിയ എം.വി. രോഹിണി കൃഷ്ണ. കരിക്കോട് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ സുവോളജി വിഭാഗം അധ്യാപികയാണ്. ഞാറയ്ക്കൽ ഗീതാഞ്ജലിയിൽ റിട്ട. പ്രഫ. ഡോ. മനോഹരൻ പിള്ളയുടെയും റിട്ട. പ്രിൻസിപ്പൽ (എൻ.എസ്.എസ് ടി.ടി.ഐ തടിയൂർ) വസന്തയുടെയും മകളാണ്. ഭർത്താവ്: അമ്പലപ്പുഴ ഗവ. കോളജ് അധ്യാപകൻ ജി. ഉണ്ണികൃഷ്ണൻ

*Madhyamam 14.12.2022, P3*

## Ascenta : The celebration of excellence

# വിജ്ഞാനാധിഷ്ഠിത തൊഴിൽമേഖലയ്ക്ക് കൂടുതൽ പരിഗണന നൽകണം -മന്ത്രി




ടി.കെ.എം. സ്ഥാപനങ്ങളുടെ പ്രവർത്തനമികവിനു ലഭിച്ച അംഗീകാരങ്ങളുടെ ആഘോഷമായ അസെന്റ് ഉദ്ഘാടനം മന്ത്രി ആർ.ബിന്ദു നിർവഹിക്കുന്നു

*Mathrubumi 12.11.2022 P2*

**കരിക്കോട്** ▸ വിജ്ഞാനവിസ്ഫോടനത്തിന്റെ കാലത്ത് പുതിയ ആശയങ്ങളും സാങ്കേതികവിദ്യകളും സംവേദനക്ഷമതയോടെ ആർജിക്കാൻ വിദ്യാർഥികൾക്ക് അവസരമുണ്ടാകണമെന്ന് ഉന്നതവിദ്യാഭ്യാസമന്ത്രി ആർ.ബിന്ദു അഭിപ്രായപ്പെട്ടു.

ടി.കെ.എം. സ്ഥാപനങ്ങളുടെ പ്രവർത്തനമികവിനു ലഭിച്ച അംഗീകാരങ്ങളുടെ ആഘോഷമായ അസെന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു അവർ. വിജ്ഞാനാധിഷ്ഠിത തൊഴിൽമേഖലയ്ക്ക് കൂടുതൽ പരിഗണന നൽകണമെന്നും മന്ത്രി പറഞ്ഞു.

ചടങ്ങിൽ ട്രസ്റ്റ് ചെയർമാൻ ഷഹാൽ ഹസ്സൻ മുസലിയാർ അധ്യക്ഷത വഹിച്ചു. പശ്ചിമ ബംഗാൾ മുൻ ഗവർണർ എം.കെ.നാരായണൻ, എം.എൽ.എ.മാരായ എം.നൗഷാദ്, പി.സി.വിഷ്ണുനാഥ്, പ്രിൻസിപ്പൽമാരായ ചിത്ര ഗോപിനാഥ്, ഷാഹുൽ ഹമീദ്, ടി.കെ.ജലാലുദ്ദീൻ മുസലിയാർ എന്നിവർ പങ്കെടുത്തു.



# Ascenta : The celebration of excellence




ടികെഎം സ്ഥാപനങ്ങളുടെ മികവിനു ലഭിച്ച അംഗീകാരങ്ങളുടെ ആഘോഷപരിപാടി അസെന്റ് മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു. കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ ഷഹാൽ ഹസ്സൻ മുസല്യാർ, ബംഗാൾ മുൻ ഗവർണർ എം.കെ നാരായണൻ തുടങ്ങിയവർ സമീപം

## പുതിയ സാങ്കേതികവിദ്യകൾ ആർജിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കണം: മന്ത്രി

െ ല്ലം ● വിജ്ഞാന വിസ്ഫോ ത്തിന്റെ കാലത്തു പുതിയ ശയങ്ങളും സാങ്കേതിക വിദ്യ ളും സംവേദനക്ഷമതയോടെ ർജിക്കാൻ നമ്മുടെ വിദ്യാർഥി ളെ പ്രാപ്തരാക്കണമെന്നു മന്ത്രി ആർ.ബിന്ദു.

ടികെഎം സ്ഥാപനങ്ങളുടെ മികവിനു ലഭിച്ച അംഗീകാരങ്ങളുടെ ആഘോഷപരിപാടി അസെന്റ് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

ടിെ എം ആർട്സ് ആൻഡ് സയൻസ് കോളജിനു നാക് എ പ്ലസ് പ്ലസ് ഗ്രേഡും ടികെഎം എൻജിനീയറിങ് കോളജിന് ഓട്ടോണമസ് പദവിയും ലഭിച്ചിരുന്നു.

അത്യാധുനിക സൗകര്യങ്ങളോടു കൂടിയ ഗവേഷണ ലാബുകൾ സ്ഥാപിക്കുകയും കാലഘട്ടത്തിന് ആവശ്യമായ ഗവേഷണങ്ങൾക്കു നേതൃത്വം കൊടുക്കുകയും ചെയ്യുന്ന ടികെഎം സ്ഥാപനങ്ങൾ അഭിനന്ദനം അർഹിക്കുന്നുവെന്നു മന്ത്രി പറഞ്ഞു.

ചടങ്ങിൽ കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ടി.കെ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു.

ബംഗാൾ മുൻ ഗവർണർ എം.കെ.നാരായണൻ, എംഎൽഎമാരായ പി.സി.വിഷ്ണുനാഥ്, എം. നൗഷാദ്, കോളജ് ട്രസ്റ്റ് ട്രഷറർ ടി.കെ.ജലാലുദ്ദീൻ മുസല്യാർ, പ്രിൻസിപ്പൽമാരായ ഡോ. ചിത്ര ഗോപിനാഥ്, ഡോ. ടി.എ ഷാഹുൽ ഹമീദ്, അൻവർ മുസല്യാർ എന്നിവർ പ്രസംഗിച്ചു.

*Malayala Manorama. 13.11.2022. P3*



ടി.കെ.എം സ്ഥാപനങ്ങളുടെ മികവിന് ലഭിച്ച അംഗീകാരങ്ങൾ ആഘോഷിക്കാൻ സംഘടിപ്പിച്ച 'അസെന്റ്' മന്ത്രി ആർ. ബിന്ദു ഉദ്ഘാടനം ചെയ്യുന്നു

# വിജ്ഞാനാധിഷ്ഠിത തൊഴിൽ മേഖലക്ക് കൂടുതൽ പരിഗണന നൽകണം -മന്ത്രി

**കൊല്ലം:** വിജ്ഞാന വിസ്ഫോടനത്തിന്റെ കാലത്ത് പുതിയ ആശയങ്ങളും സാങ്കേതിക വിദ്യകളും സംവേദന ക്ഷമതയോടെ ആർജിക്കാൻ വിദ്യാർഥികളെ പ്രാപ്തരാക്കണമെന്ന് മന്ത്രി ആർ. ബിന്ദു. ടി.കെ.എം സ്ഥാപനങ്ങളുടെ മികവിന് ലഭിച്ച അംഗീകാരങ്ങൾ ആഘോഷിക്കാൻ സംഘടിപ്പിച്ച 'അസെന്റ് ' ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. ആഗോള തൊഴിൽ മേഖലകളിൽ കേരളത്തിലെ വിദ്യാർഥികൾക്ക് അവസരം ലഭിക്കുന്നതിനാവശ്യമായ നൈപുണ്യ പരിശീലനം നൽകാൻ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുൻഗണന നൽകണം.

നിർമിത ബുദ്ധിയും ബ്ലോക്ക് ചെയിൻ ടെക്നോളജിയും ഇൻഫർമേഷൻ ടെക്നോളജിയും അടക്കമുള്ള മേഖലകളിലെ ആഗോള വളർച്ചക്കൊപ്പം വളരാൻ വിദ്യാർഥികൾക്ക് കഴിയണമെന്നും അവർ പറഞ്ഞു. അത്യാധുനിക സൗകര്യങ്ങളുള്ള ഗവേഷണ ലാബുകൾ സ്ഥാപിക്കുകയും കാലഘട്ടത്തിനാവശ്യമായ ഗവേഷണങ്ങൾക്ക് നേതൃത്വം കൊടക്കുകയും ചെയ്യുന്ന ടി.കെ.എം സ്ഥാപനങ്ങളെ മന്ത്രി അഭിനന്ദിച്ചു. ടി.കെ.എം ട്രസ്റ്റ് പ്രസിഡന്റ് ടി.കെ. ഷഹാൽ ഹസൻ മുസ്‌ലിയാർ അധ്യക്ഷത വഹിച്ചു.

മുൻ പശ്ചിമബംഗാൾ ഗവർണർ എം.കെ. നാരായണൻ മുഖ്യപ്രഭാഷണം നടത്തി. ട്രസ്റ്റ് ട്രഷറർ ടി.കെ. ജലാലുദ്ദീൻ മുസ്‌ലിയാർ, എം. നൗഷാദ് എം.എൽ.എ, പി.സി. വിഷ്ണുനാഥ് എം.എൽ.എ, ഡോ. ചിത്ര ഗോപിനാഥ്, ടി.എ. ഷാഹുൽ ഹമീദ്, അൻവർ മുസ്‌ലിയാർ എന്നിവർ സംസാരിച്ചു.

*Madhyamam 12.11.2022, P4*

# Felicitation to the Honorable Chairman



കിളികൊല്ലൂർ സിയാറത്തുംമൂട് മുസ്‌ലിം ജമാഅത്ത് സംഘടിപ്പിച്ച പൊതുസമ്മേളനത്തിൽ ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരെ എൻ.കെ. പ്രേമചന്ദ്രൻ എം.പി ആദരിക്കുന്നു

## മദ്റസ ഫെസ്റ്റ് സമാപനവും വിദ്യാഭ്യാസ അവാർഡ് വിതരണവും

**കൊല്ലം:** കിളികൊല്ലൂർ സിയാറത്തുംമൂട് മുസ്‌ലിം ജമാഅത്തിന്റെ ആഭിമുഖ്യത്തിൽ മദ്റസ ഫെസ്റ്റ് സമാപനവും വിദ്യാഭ്യാസ അവാർഡ് വിതരണവും പ്രമുഖ വ്യക്തികളെ ആദരിക്കലും നടത്തി. എൻ.കെ. പ്രേമചന്ദ്രൻ എം.പി ഉദ്ഘാടനം ചെയ്തു.

ജമാഅത്ത് പ്രസിഡന്റ് കെ. അലിയാര് കുഞ്ഞ് അധ്യക്ഷതവഹിച്ചു. കടയ്ക്കൽ അബ്ദുൽ അസീസ് മൗലവി മുഖ്യപ്രഭാഷണം നടത്തി. വിദ്യാഭ്യാസ സാമൂഹിക പ്രവർത്തന മേഖലയിലെ മികച്ച സംഭാവനകൾ നൽകിയ ടി.കെ.എം ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്‌ലിയാരെയും കേരള വഖഫ് ബോർഡ് അംഗമായി നിയമിതനായ എം. നൗഷാദ് എം.എൽ.എയെയും ജമാഅത്ത് ഭാരവാഹികൾ ആദരിച്ചു. പരീക്ഷകളിൽ ഉന്നത വിജയം നേടിയ വിദ്യാർഥികൾക്ക് പി.സി. വിഷ്ണുനാഥ് എം.എൽ.എ ട്രോഫികൾ വിതരണം ചെയ്തു. പ്രോഗ്രാം കമ്മിറ്റി കൺവീനർ എം. ഷാജഹാൻ, ജമാഅത്ത് സെക്രട്ടറി എച്ച്. താഹിറുദ്ദീൻ കുട്ടി, ട്രഷറർ എം. അബ്ദുൽ കലാം, വൈസ് പ്രസിഡന്റ് എ.എ. റഹീം ജമാഅത്തിന്റെ ചീഫ് ഇമാം അൽഹാഫിസ് മുഹമ്മദ് റാഫി അൽ കൗസരി, സിയാറത്തുംമൂട് ഫരീദിയ അറബിക് കോളജ് പ്രിൻസിപ്പൽ അൽ ഹാഫിസ് മുഹമ്മദ് ഹുസൈൻ ബാഖവി എന്നിവർ സംസാരിച്ചു.

*Madhyamam 01.11.2022, P4*



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രതിജ്ഞ എടുക്കുന്നു.

# Seminar on Human Rights



▶ ടി.കെ.എം.കോളേജിൽ നടന്ന മനുഷ്യാവകാശദിനാചരണം അമ്പലപ്പുഴ ഗവ. കോളേജ് പൊളിറ്റിക്കൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫ. ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്യുന്നു

*Malayala Manorama 13.12.2023 P2*

**കൊല്ലം** ▶ ടി.കെ.എം.കോളേജിലെ സുവോളജി വിഭാഗവും ഹ്യൂമൻ റൈറ്റ്സ് ഫോറവും പ്ലാനിങ് ഫോറവും ചേർന്ന് ലോക മനുഷ്യാവകാശദിനാചരണം നടത്തി. അമ്പലപ്പുഴ ഗവ. കോളേജ് പൊളിറ്റിക്കൽ വിഭാഗം അസിസ്റ്റന്റ് പ്രൊഫസർ ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്രാ ഗോപിനാഥ് അധ്യക്ഷയായി. സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, ഹ്യൂമൻ റൈറ്റ്സ് ഫോറം കോ-ഓർഡിനേറ്റർ ഡോ. മുംതാസ്, രോഹിണി കൃഷ്ണ, പ്ലാനിങ് ഫോറം കോ-ഓർഡിനേറ്റർ ഡോ. ഫൗസിയ എന്നിവർ പ്രസംഗിച്ചു.

*Mathrubumi 13.12.2022. P2*




## മനുഷ്യാവകാശ ദിനാചരണം

കൊല്ലം ● ടികെഎം കോളജ് സുവോളജി വിഭാഗം, ഹ്യൂമൻ റൈറ്റ്സ് ഫോറം, പ്ലാനിങ് ഫോറം എന്നിവയുടെ നേതൃത്വത്തിൽ നടത്തിയ മനുഷ്യാവകാശ ദിനാചരണം അമ്പലപ്പുഴ ഗവ.കോളജ് പൊളിറ്റിക്കൽ വിഭാഗം അസി.പ്രഫ.ഉണ്ണിക്കൃഷ്ണൻ ഉദ്ഘാടനം ചെയ്തു.

പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് അധ്യക്ഷത വഹിച്ചു. സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, ഹ്യൂമൻ റൈറ്റ്സ് ഫോറം കോഓർഡിനേറ്റർ ഡോ.മുംതാസ്, പ്ലാനിങ് ഫോറം കോഓർഡിനേറ്റർ ഡോ.ഫൗസിയ, രോഹിണി കൃഷ്ണ എന്നിവർ പ്രസംഗിച്ചു.

*Malayala Manorama 13.12.2023 P2*

# Anti-drug campaign



ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ ലഹരിവിരുദ്ധ ബോധവൽക്കരണത്തിന്റെ ഭാഗമായി പ്രതിജ്ഞ എടുക്കുന്നു.

*Malayala Manorama. 15.12.2022. P2*

## ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ

കൊല്ലം ● ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് അലമ്നൈ അസോസിയേഷൻ, സ്റ്റുഡന്റ്സ് ആന്റി നർകോട്ടിക് സെൽ, ജില്ലാ വിമുക്തി മിഷൻ എന്നിവയുടെ നേതൃത്വത്തിൽ ലഹരിവിരുദ്ധ ബോധവൽക്കരണ സെമിനാർ നടത്തി.

കോളജ് പ്രിൻസിപ്പൽ ഡോ.ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്തു. അലമ്നൈ അസോസിയേഷൻ ചെയർമാൻ പി.എം.നജിമുദ്ദീൻ അധ്യക്ഷത വഹിച്ചു. ജില്ലാ എക്സൈസ് അസി.കമ്മിഷണർ വി.രാജേഷ്, കോളജ് യൂണിയൻ ചെയർമാൻ ബിനിൽ, ഡോ. ഹരിശങ്കർ, എം.എച്ച്.നിസാർ, മുഹമ്മദ് ഷാക്കിർ എന്നിവർ പ്രസംഗിച്ചു.

## കരിമീൻ വിളവെടുപ്പ് ഇന്ന്

**കൊല്ലം**

കരിക്കോട് ടികെഎം ആർട്സ് ആൻഡ് സയൻസ് കോളേജിലെ വിദ്യാർഥികൾ അഷ്ടമുടിക്കായലിലെ പടിഞ്ഞാറെ വെള്ളിമൺ ഭാഗത്ത് നടത്തിയ കരിമീൻ കൃഷിയുടെ വിളവെടുപ്പ് വെള്ളിയാഴ്ച നടക്കും. രാവിലെ 10 മുതൽ മിതമായ നിരക്കിൽ മത്സ്യം വാങ്ങാം. സിഎംഎഫ്ആർഐയുടെ സഹായത്തോടെയാണ് കൃഷി നടത്തിയത്.

*Deshabhimani 23.12.2022, P2*

## കരിമീൻകൃഷി വിളവെടുപ്പ് ഇന്ന്

**കിളികൊല്ലൂർ:** സി.എം.എഫ്.ആർ.ഐയുടെ സഹായത്തോടെ കരിക്കോട് ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിലെ വിദ്യാർഥികൾ അഷ്ടമുടിക്കായലിലെ പടിഞ്ഞാറേ വെള്ളിമൺ ഭാഗത്ത് നടപ്പാക്കിയ കരിമീൻകൃഷിയുടെ വിളവെടുപ്പ് വെള്ളിയാഴ്ച രാവിലെ നടക്കും. മത്സ്യം ആവശ്യമുള്ളവർക്ക് രാവിലെ 10 മുതൽ മിതമായ നിരക്കിൽ വാങ്ങാം. ഫോൺ: 7810768214.

*Madhyamam 23.12.2022. P4*





# Cage Fish Culture : Harvest and Sale

*Malayala Manorama 25.12.2022 P2*




ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് കോളജിൽ സർക്കാരിന്റെ 'ഏൺ വൈൽ ലേൺ' പദ്ധതിയുടെ ഭാഗമായി ആരംഭിച്ച കൂട് മത്സ്യക്കൃഷിയുടെ ആദ്യ വിളവെടുപ്പിന്റെ ഭാഗമായി നടന്ന യോഗത്തിൽ മന്ത്രി വി. അബ്ദു റഹ്മാൻ പ്രസംഗിക്കുന്നു.

## കൂട് മത്സ്യക്കൃഷിയുടെ ആദ്യ വിളവെടുപ്പ് നടത്തി

കൊല്ലം● വിദ്യാർഥികളിൽ തൊഴിൽ നൈപുണ്യ വികസനം പ്രാപ്തമാക്കുന്നതിൽ ടികെഎം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസ് മാതൃകയാണെന്ന് മന്ത്രി വി. അബ്ദുറഹ്മാൻ. കൂട് മത്സ്യക്കൃഷിയുടെ ആദ്യ വിളവെടുപ്പിൽ പ്രസംഗിക്കുകയായിരുന്നു അദ്ദേഹം. സിഎംഎഫ്ആർഐയുടെ ആദ്യ സ്റ്റുഡന്റ് പ്രൊജക്ടും കോളജിന്റെ ആദ്യ സ്റ്റുഡന്റ് സ്റ്റാർട്ടപ്പുമായ പദ്ധതിയുടെ രണ്ടാം ഘട്ടത്തിന്റെയും കക്കയും ചിപ്പിയും ഒരുമിച്ചുള്ള സങ്കര കൃഷിയുടെയും ഉദ്ഘാടനം ഫിഷറീസ് വകുപ്പ് ഡയറക്ടർ ഡോക്ടർ അദില അബ്ദുല്ല നിർവഹിച്ചു. ടികെഎം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ.ഷഹാൽ ഹസൻ മുസല്യാർ അധ്യക്ഷത വഹിച്ചു. പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, സിഎംഎഫ്ആർഐ ഡയറക്ടർ ഡോ. അനിൽ, സുവോളജി വിഭാഗം മേധാവി ഡോ. ജസിൻ റഹ്മാൻ, ഡോ.സ്വാതി ലക്ഷ്മി, പ്രോഗ്രാം കോ ഓർഡിനേറ്റർ ഡോ.രോഹിണി കൃഷ്ണ , കോളജ് യൂണിയൻ ചെയർമാൻ മിനിൽ മാധവ് തുടങ്ങിയവർ പ്രസംഗിച്ചു.



# Cage Fish Culture: Harvest and Sale




ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ കൂട് മത്സ്യകൃഷിയുടെ ആദ്യ വിളവെടുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു




## മത്സ്യകൃഷി വിളവെടുപ്പ്

**കിളികൊല്ലൂർ:** യേൺ വൈൽ ലേൺ പദ്ധതിയുടെ ഭാഗമായി ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ കൂട് മത്സ്യകൃഷിയുടെ ആദ്യ വിളവെടുപ്പ് മന്ത്രി വി. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്തു. സി.എം.എഫ്.ആർ.ഐയുടെ ആദ്യ സ്റ്റുഡൻറ് പ്രോജക്ടും കോളജിന്റെ ആദ്യ സ്റ്റുഡൻറ് സ്റ്റാർട്ടപ്പുമായ പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനം ഫിഷറീസ് ഡയറക്ടർ ഡോ. അദീലാ അബ്ദുള്ള നിർവഹിച്ചു. ടി.കെ.എം കോളജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസ്ലിയാർ അധ്യക്ഷതവഹിച്ചു.

പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, സി.എം.എഫ്.ആർ.ഐ ഡയറക്ടർ ഡോ. അനിൽ, ഡോ. ജസിൻ റഹ്മാൻ, ഡോ. സ്വാതിലക്ഷ്മി, ഡോ. രോഹിണി കൃഷ്ണ, ശർമൻ മാധവ് തുടങ്ങിയവർ സംസാരിച്ചു.

## വിദ്യാർഥികളിൽ നൈപുണ്യവികസനം പ്രോത്സാഹിപ്പിക്കണം -മന്ത്രി

**കരിക്കോട്▸** വിദ്യാർഥികളിൽ തൊഴിൽനൈപുണ്യവികസനം പ്രോത്സാഹിപ്പിക്കണമെന്ന് മന്ത്രി വി.അബ്ദുൽ റഹ്മാൻ. കൂട് മത്സ്യക്കൃഷിയുടെ ആദ്യ വിളവെടുപ്പിൽ പങ്കെടുത്തു സംസാരിക്കുകയായിരുന്നു അദ്ദേഹം.

സി.എം.എഫ്.ആർ.ഐ.യുടെ ആദ്യ സ്റ്റുഡന്റ് പ്രോജക്ടും കോളേജിന്റെ ആദ്യ സ്റ്റുഡന്റ് സ്റ്റാർട്ടപ്പുമായ പദ്ധതിയുടെ രണ്ടാംഘട്ടത്തിന്റെ ഉദ്ഘാടനവും കക്കയും ചിപ്പിയും ഒരുമിച്ചുള്ള സങ്കരകൃഷിയുടെ ഉദ്ഘാടനവും ഫിഷറീസ് ഡയറക്ടർ ഡോ. അദീലാ അബ്ദുള്ള നിർവഹിച്ചു.

ടി.കെ.എം.കോളേജ് ട്രസ്റ്റ് ചെയർമാൻ ഡോ. ഷഹാൽ ഹസൻ മുസലിയാർ അധ്യക്ഷനായി. കോളേജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ്, സി.എം.എഫ്.ആർ.ഐ. ഡയറക്ടർ ഡോ. അനിൽ, സുവോളജി വിഭാഗം മേധാവി ജസിൻ റഹ്മാൻ, സ്വാതിലക്ഷ്മി, പ്രോഗ്രാം കോ-ഓർഡിനേറ്റർ ഡോ. രോഹിണി കൃഷ്ണ, ശർമൻ മാധവ് തുടങ്ങിയവർ സംസാരിച്ചു.



ടി.കെ.എം. ആർട്സ് കോളേജിൽ കൂട് മത്സ്യക്കൃഷി വിളവെടുപ്പ് മന്ത്രി വി.അബ്ദുൽ റഹ്മാൻ ഉദ്ഘാടനം ചെയ്യുന്നു

*Mathrubumi 24.12.2022 P6*

# NSS Cake Challenge




ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ സംഘടിപ്പിച്ച കേക്ക് ചലഞ്ച് കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് ഉദ്ഘാടനം ചെയ്യുന്നു

## ടി.കെ.എമ്മിൽ കേക്ക് ചലഞ്ച്

**കൊല്ലം:** ടി.കെ.എം കോളജ് ഓഫ് ആർട്സ് ആൻഡ് സയൻസിൽ എൻ.എസ്.എസ് യൂനിറ്റിന്റെ നേതൃത്വത്തിൽ കേരളത്തിലെ മസ്കുലർ ഡിസ്ട്രോഫി, സ്പൈനൽ മസ്കുലർ അട്രോഫി രോഗബാധിതരുടെ സാമൂഹിക മാനസിക ഉന്നമനത്തിനായി നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങൾക്ക് ധനസമാഹരണത്തിനായി കേക്ക് ചലഞ്ച് സംഘടിച്ചു. രോഗബാധിതരുടെ വിവിധ ക്ഷേമ പ്രവർത്തനങ്ങൾക്കായി രൂപവത്കരിച്ച മൊബിലിറ്റി ഇൻ ഡിസ്ട്രോഫി (മൈൻഡ് ട്രസ്റ്റ്)മായി സഹകരിച്ചാണ് 'ബോക്സ് ഓഫ് ലവ് 3.0' കേക്ക് ചലഞ്ച് നടത്തിയത്. ടി.കെ.എം കോളജിലെ അധ്യാപകരും സ്റ്റാഫുകളും വിദ്യാർഥികളും കൈകോർത്ത പദ്ധതിയിൽ 100 കേക്കുകൾ വിറ്റു. കോളജ് പ്രിൻസിപ്പൽ ഡോ. ചിത്ര ഗോപിനാഥ് കോളജ് സ്റ്റാഫ് അഡ്വൈസറും ബോട്ടണി വിഭാഗം മേധാവിയുമായ ഡോ. ബോബി ടി. എഡ്വിന് കേക്ക് നൽകി ആദ്യവിൽപന നിർവഹിച്ചു.

*Madhyamam* 23.12.2022, P4
















